# സഹ്യനാദം

Vol. 7 No.1 January 2010


C. 01/10 **മദ്യവിരുദ്ധ ഞായർ (ജനുവരി 24)**

## സർക്കുലർ

### 2010 -ലെ മദ്യവിരുദ്ധ ഞായറിനോട് ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന സർക്കുലർ

ഈ വർഷം ജനുവരി 24 -ാം തീയതി മദ്യവിരുദ്ധ ഞായറായി ആചരിക്കുന്നു. മദ്യവിമുക്ത ജീവിതത്തിലേക്ക് ആളുകളെ ആകർഷിക്കും വിധം, പോസ്റ്ററുകൾ, ബാനറുകൾ, സെമിനാർ, റാലി, പ്രതിരോധധർണ്ണകൾ തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ച് ഈ ദിവസം ഫലപ്രദമാക്കണമെന്ന് രൂപതാ സമിതികളോട് അഭ്യർത്ഥിക്കുന്നു.

മദ്യോപയോഗം ദിനംപ്രതി വർദ്ധിക്കുന്നതായിട്ടാണ് വാർത്താമാദ്ധ്യമങ്ങളിലൂടെ വരുന്ന കണക്കുകൾ വ്യക്തമാക്കുന്നത്. ഓണം, ക്രിസ്തുമസ്സ് മുതലായ ആഘോഷാവസരങ്ങളിൽ ഈ വർദ്ധനവ് പ്രത്യേകം ശ്രദ്ധേയമാകുന്നു. കൗമാരപ്രായക്കാരിലും യുവജനങ്ങളിലും മദ്യോപയോഗം ഏറിവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. മദ്യപിക്കുന്നവരുടെ ശരാശരി വയസ്സ് 18 -ൽ നിന്ന് 13 ആയി താണിരിക്കുന്നു. മദ്യപാനം ആരംഭിക്കാൻ പല കാരണങ്ങൾ പറയാനുണ്ടെങ്കിലും ഇന്നുകാണുന്ന അമിത വർദ്ധനവിന്, പ്രധാന കാരണം, മദ്യം എവിടെയും എപ്പോഴും ആർക്കും സുലഭമാണെന്നതുതന്നെ. എളുപ്പത്തിൽ കിട്ടുന്നത്, ഏറെ കുടിക്കാൻ പ്രേരണയാകുന്നു. ഏറെ ആളുകൾ കുടിക്കുന്നുവെന്നത്, കൂടുതൽ കൂടുതൽ മദ്യം ലഭ്യമാക്കാൻ സർക്കാരുകളെ പ്രേരിപ്പിക്കുന്നുവെന്നും വാദിക്കുന്നവരുണ്ട്. കക്ഷിപരിഗണനയ്ക്കതീതമായി എല്ലാ രാഷ്ട്രീയക്കാരും മദ്യത്തിന്റെ ഉല്പാദന വിതരണ മേഖലകളിൽ അതീവ തത്പരരാണ്. മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിൽ അവർ വലിയ പങ്കു വഹിക്കുന്നു.

എന്നാൽ, പവിത്രമായ ഇൻഡ്യൻ ഭരഘടനയിൽ വിശ്വസിക്കു





ന്നവർക്കു ഈ മദ്യവർദ്ധനയ്ക്ക് അനുകൂലമായി ചിന്തിക്കാൻ കഴിയില്ല. കാരണം, രാഷ്ട്രത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും അടിസ്ഥാനമായിരിക്കുന്നതും എല്ലാത്തിനേയും നിയന്ത്രിക്കുന്ന ഭരണഘടന ഇതു വിലക്കിയിരിക്കുന്നു. ആർട്ടിക്കിൾ 47 -ൽ ഔഷധാവശ്യങ്ങൾക്കല്ലാതെ മദ്യം ഉണ്ടാക്കുകയോ, കൈവശം വയ്ക്കുകയോ, വിതരണം ചെയ്യുകയോ പാടില്ല. കാരണം, ഇതു ആരോഗ്യത്തിന് ഹാനികരമായ വസ്തുവാണ്. മദ്യത്തിലെ മുഖ്യാംശം ഈതൈൽ ആൽക്കഹോളാണ്. മനുഷ്യനെ കൊല്ലാൻ പറ്റുന്ന വിഷമാണിത്. ഉപയോഗിക്കുന്നവൻ സാവകാശം മരിക്കുന്നു. മദ്യപിച്ച് മരിക്കുന്നവരുടെ ശരാശരി വയസ്സ് 30 ആയി താണിരിക്കുന്നു. ഒരു ജനതയുടെ ആരോഗ്യഹാനിക്കു നേരിട്ടുപങ്കുവഹിക്കാവുന്ന മദ്യമെന്ന ഈ വിഷത്തിന്റെ ഉല്പാദനവും വിതരണവും ജനക്ഷേമമാഗ്രഹിക്കുന്ന സർക്കാരിനു പാടില്ല. ഇങ്ങനെ ചെയ്യുന്ന സർക്കാർ ഭരണഘടനാ ലംഘനം നടത്തുന്നു.

കള്ളുഷാപ്പുൾപ്പെടെ എല്ലാ മദ്യശാലകളുടെ മുകളിലും ചുവന്ന അക്ഷരത്തിൽ മദ്യപാനം ആരോഗ്യത്തിന് ഹാനികരമാണെന്ന് എഴുതി വച്ചിരിക്കുന്നത് സർക്കാരിന്റെ നിർദ്ദേശപ്രകാരമാണെന്നത് സർക്കാർവക ഭരണഘടനാലംഘനത്തിന് തെളിവാണ്. മറ്റൊന്നുകൂടി, എല്ലാ മദ്യകുപ്പികളുടെ ലേബലിലും ഇത് എഴുതണമെന്ന് നിർദ്ദേശിച്ചിരിക്കുന്നതും തെളിവുതന്നെ. രാജ്യത്തെ പൗരന്റെ ആരോഗ്യം സംരക്ഷിക്കേണ്ട ചുമതലയുള്ള സർക്കാർ തന്നെ വിപരീതമായി, ആരോഗ്യം നശിപ്പിക്കുന്ന വിഷവസ്തു ഉണ്ടാക്കാനും വിതരണം ചെയ്യാനും തുനിയുന്നത് അതിഗൗരവമായ തെറ്റുതന്നെയാണ്. മദ്യപാനത്തിന്റെ അതിദാരുണമായ ദുഷ്ഫലങ്ങൾ അനുഭവിക്കുന്ന ആളുകൾ ഒരുമിച്ച് ഇതിനെ എതിർക്കണം. ഇതു തടയാൻ കോടതിക്കു കഴിയും. മദിപ്പിക്കുന്ന വസ്തുവാണ് മദ്യം. ഇത് ഞരമ്പുകളെ തളർത്തി, ബുദ്ധി മന്ദിപ്പിച്ച്, മനുഷ്യനെ മൃഗമാക്കുന്നു. മദ്യമുണ്ടാക്കാൻ ഇൻഡ്യയിലെ ഒരു വ്യക്തിക്കും അധികാരമോ അവകാശമോ ഇല്ല. ഒരു സർക്കാരിനും ഇത് അനുവദിക്കാനാവില്ല എന്ന് 1975 -ൽ സുപ്രീം കോടതി വ്യക്തമാക്കി വിധി പ്രസ്താവിച്ചിട്ടുണ്ട്. ഇതേ വർഷംതന്നെ ഭരണഘടനാബഞ്ച് മദ്യം ഉണ്ടാക്കുകയോ, വച്ചു സൂക്ഷിക്കുകയോ, വിതരണം ചെയ്യുകയോ ചെയ്യുന്നത് ആരുടെയും സർക്കാരിന്റെ പോലും മൗലീകാവകാശമല്ലെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. 1975 (1) Sec 19.

ഒപ്പം മദ്യത്തിന്റെ ഉല്പാദന- വിതരണ- ഉപയോഗങ്ങൾ തടയുവാൻ, ഭാരതത്തിലെ എല്ലാ പൗരന്മാർക്കും അവകാശവും ബാധ്യതയുമുണ്ടെന്നും വിശദീകരിച്ചുകൊണ്ടാണ്, ഈ വിധി നല്കിയത്. വീണ്ടും അതേവർഷം മദ്യപാനം (Liquor Trafficing) is a source of Crime and Panperison ) ദാരിദ്ര്യവും കുറ്റങ്ങളും വർദ്ധിപ്പിക്കുന്നു. 1975 (7) Sec 735 P. 758 - ഭരണഘടനയിലെ ആർട്ടിക്കിൾ 141, 142 പ്രകാരം മേല്പ്പറഞ്ഞ വിധി രാജ്യത്തിന്റെ നിയമമാണ്. വകുപ്പ് 51 A പ്രകാരം എല്ലാ പൗരന്മാരും ദാരിദ്ര്യത്തിനും കുറ്റങ്ങൾക്കും കാരണമാകുന്ന വസ്തു ഉന്മൂലനം ചെയ്യാൻ ബാദ്ധ്യസ്ഥരാണ്. ഭരണഘടനയ്ക്കു കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തിനും, അത് സർക്കാരാകട്ടെ, പ്രാദേശിക ഭരണകൂടമാകട്ടെ, ദാരിദ്ര്യത്തിനും, കുറ്റങ്ങൾക്കും നിദാനമായ വസ്തുവിനെ നിയമപര (legalise) മാക്കാനവകാശമില്ല. കേരളഹൈക്കോടതിയിലെ ഒരു ഡിവിഷൻ ബഞ്ച് 1984 -ൽ മദ്യവ്യാപാരം ഉപദ്രവകരവും അപകടകരവുമായ വസ്തുവിന്റെ വിനിമയമാണെന്നു പ്രഖ്യാപിച്ചു.

1986 (KCT1265) വിധിയിൽ മദ്യപിക്കാനോ മദ്യം വാങ്ങാനോ ഒരുമ്പെട്ടു പോകുന്ന ഒരാളെ അതിൽ നിന്ന് പിന്തിരിപ്പിക്കുകയോ തടയുകയോ ചെയ്യുന്നത് കുറ്റകരമല്ലെന്ന് 1986 -ൽ ജസ്റ്റിസ് K.T തോമസ് വിധി പുറപ്പെടുവിച്ചിട്ടുണ്ട്. മദ്യം വിൽക്കാനോ വാങ്ങാനോ അതിനുപറ്റിയ കട നടത്താനോ ഒരു പൗരനും മൗലീകാവകാശമില്ല. ഇത്തരം പ്രവൃത്തികൾക്ക് നിയമപരമോ ധാർമ്മികമോ ആയ അടിസ്ഥാനമില്ല. കാരണം ഒന്നേയുള്ളൂ, മദ്യം ആരോഗ്യത്തിന് ഹാനികരമായ വസ്തുവാണ്. ആരോഗ്യത്തിന് ഹാനികരമെന്നതിലുപരി മദ്യം കുറ്റകൃത്യങ്ങൾക്ക് പ്രേരിപ്പിക്കുന്ന ഒരു വസ്തുവും കൂടിയാണ്. മദ്യം ഉള്ളിൽ ചെന്ന് അധികം വൈകാതെതന്നെ ലഹരി തലയ്ക്കുപിടിച്ച് മനുഷ്യന്റെ മന:സ്വാതന്ത്ര്യം നഷ്ടപ്പെട്ട്, കാട്ടിക്കൂട്ടുന്ന വിക്രിയകൾ ആർക്കാണറിയാത്തത്? ഡ്രൈവറില്ലാതെ ഓടുന്ന വാഹനംപോലെയാണ് മദ്യപിച്ചവൻ. അവനും, മറ്റുള്ളവർക്കും വരുത്തുന്ന നാശവും കുറ്റകൃത്യങ്ങളും അതിഗുരുതരവും ഊഹാതീതവുമാണ്. മദ്യലഹരിയിൽ നരഹത്യമുതൽ ആത്മഹത്യവരെ, അനേകം കുറ്റങ്ങൾ ചെയ്യപ്പെടുന്നത് ഇൻഡ്യൻ നിയമത്തിൽ കടുത്ത ശിക്ഷക്കർഹമാണ്.





ലഹരി ഉപയോഗവും നിയമലംഘനവും തമ്മിലും വലിയ ബന്ധമുണ്ട്. നിയമം ലംഘിച്ച് ചെയ്യുന്ന പല സംഭവങ്ങളിലും മദ്യത്തിന്റെ വിളയാട്ടമുണ്ട്. കൂലിത്തല്ല്, ഭവനഭേദനം, കൊലപാതകം എന്നു വേണ്ട, കൂട്ടബലാത്സംഗം വരെ നടക്കുന്നത് മദ്യലഹരിയിലെന്ന് അനവധി പത്രവാർത്തകൾ തെളിയിക്കുന്നു. ഒരു കുപ്രസിദ്ധസ്ത്രീ പീഡനകേസിൽ ശിക്ഷിക്കപ്പെട്ട 35 പേരും മദ്യ ലഹരിയിലായിരുന്നു. ഈ ബന്ധത്തിന്റെ അടിസ്ഥാനത്തിലാണല്ലോ, തെരഞ്ഞെടുപ്പു ദിവസങ്ങളിൽ, സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തിയിരിക്കുന്നത്. ഇലക്ഷന്റെയന്നും തലേദിവസവും സംസ്ഥാനത്തെ അല്ലെങ്കിൽ മണ്ഡലത്തിലെ എല്ലാ ഷാപ്പുകളും അടച്ചുപൂട്ടിയിരിക്കണം എന്നത്. മഹാത്മാഗാന്ധിയുടെയും ശ്രീനാരായണഗുരുവിന്റെയും, ജന്മ, സമാധി ദിവസങ്ങളുടെയും പാവനമായ ആചരണത്തിനും ഷാപ്പുകൾ അടച്ച് മദ്യലഭ്യത നിരോധിക്കുന്നില്ലേ സർക്കാർ.

1947 -ൽ തിരുകൊച്ചിയിൽ മദ്യനിരോധന നിയമം(Act of 1947 & 1948) നിലവിലിരുന്നു. മലബാർ, മദ്രാസ് പ്രവിശ്യയിലുൾപ്പെട്ടിരുന്നതിനാൽ 937 മുതൽ അവിടെയും മദ്യനിരോധന നിയമമുണ്ടായിരുന്നു (Malabar Prohibition Act of 937) തിരുകൊച്ചി സംസ്ഥാനത്ത് എല്ലാവിധ ലഹരി വസ്തുക്കളും (Liquor) നിരോധിച്ചുകൊണ്ട് TC Prohibitions Act of 1950 തിരുകൊച്ചി പ്രജാസഭ പാസാക്കിയിരുന്നു. ഈ നിയമം 1960 -ൽ Act 25 ആയി കേരളസംസ്ഥാനത്ത് പരിഷ്ക്കരിച്ചിരുന്നു. 1967 വരെ ഈ നിയമം തുടർന്നിരുന്നു. നിയമ വിരുദ്ധമായ ഒരു നടപടി ക്രമത്തിലൂടെ SRO No.104/67 ആയി 1967 ഏപ്രിൽ 28 -ന് സർക്കുലർ ഉപയോഗിച്ച് 30 വർഷം നിലവിലിരുന്ന, മദ്യനിരോധനം ഇ.എം.എസ് സർക്കാർ പിൻവലിച്ചു. 1967 മുതലുള്ള കാലഘട്ടത്തിൽ കുറ്റകൃത്യങ്ങളും വാഹനാപകടങ്ങളും അതിനുമുമ്പുണ്ടായിരുന്ന 30 വർഷത്തേക്കാൾ അനേകം മടങ്ങ് വർദ്ധിച്ചതായി പോലീസിന്റെയും ക്രിമിനൽ കോടതിയുടെയും രേഖകൾ പരിശോധിച്ചാൽ അറിയാം.

1970, 80, 90, 2000 എന്നീ നാലു ദശകങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ ഉണ്ടാക്കിയ മദ്യത്തിലും ഉപയോഗിച്ച ആളുകളുടെ എണ്ണത്തിലും ഉണ്ടായ വർദ്ധനവ് അതിഭീമവും ഭീകരവുമാണ്. വർദ്ധിച്ച മദ്യദുരന്തങ്ങൾ, വാഹനാപകടങ്ങൾ, പെരുകിയ കുടുംബകലഹങ്ങൾ,

തത്ഫലമായുണ്ടായ ആത്മഹത്യകൾ, കർഷക ആത്മഹത്യകൾ ഇവ യുടെയെല്ലാം പിന്നിൽ മദ്യപാനമായിരുന്നു വില്ലൻ.

മദ്യം ആരോഗ്യത്തിന് ഹാനികരമാണെന്ന് സർക്കാരും സമ്മ തിക്കുന്നു. ഈ വസ്തു മാരകമാണെന്നും വിഷകരമാണെന്നും അർത്ഥം വരുന്ന noxious & deleterious'' രണ്ടു വാക്കിലൂടെയാണ്, ഭരണഘടനയിൽ വിവക്ഷിച്ചിരിക്കുന്നത്. മദ്യമുപയോഗിക്കുന്നവൻ, തന്റെ ആരോഗ്യത്തിനു മാത്രമല്ല, താനുൾപ്പെടുന്ന വിശാലസമൂഹ ത്തിന്റെയും ആരോഗ്യത്തിന് ശാരീരികവും മാനസികവും ആത്മീയ വുമായ ആരോഗ്യഹാനി വരുത്തുന്നു. രാഷ്ട്രത്തിലെ പൗരന്മാരുടെ മനസ്സാക്ഷിക്കു രൂപം നല്കുന്ന ഭരണഘടന ഒരു സുപ്രധാന നിർദ്ദേശം വഴി, ലഹരിപിടിപ്പിക്കുന്ന മദ്യത്തിന്റെ ഉൽപാദനം, മിശ്ര ണം, കൈവശം സൂക്ഷിക്കൽ, കൊണ്ടുപോകൽ, വാങ്ങൽ, വിൽക്കൽ തുടങ്ങിയ വ്യാപാരങ്ങൾ, ഔഷധപരമായ കാര്യങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. ഭരണഘടനാപരമായ ഈ സത്യത്തി ലൂന്നിനിന്നുകൊണ്ടാവണം, സംസ്ഥാനങ്ങൾ നിയമമുണ്ടാക്കാൻ എന്ന്, ആർട്ടിക്കിൾ 246 -ൽ രണ്ടും മൂന്നും വിഭാഗങ്ങൾ നിഷ്ക്കർഷിക്കു ന്നു. ഭരണഘടനയോടനുബന്ധമായ 7-ാം ഷെഡ്യൂളിൽ സംസ്ഥാനം നിയമമുണ്ടാക്കേണ്ട വിഷയങ്ങളുടെ ലിസ്റ്റ് ചേർത്തിട്ടുണ്ട്. അതിൽ രണ്ടാമത്തേതിലാണ്, ലഹരിപ്പിച്ച് മദിപ്പിക്കുന്ന മദ്യം(intoxicating liquor) ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ലിസ്റ്റിൽ 113 കാര്യങ്ങൾ ചേർത്തി ട്ടുണ്ടെങ്കിലും, 8-ാമത്തെ കാര്യത്തെക്കുറിച്ചു മാത്രമേ, സംസ്ഥാനം വ്യക്തമായ നിയമം ഉണ്ടാക്കണമെന്ന്, കണിശമായ നിബന്ധന പറ ഞ്ഞിട്ടുള്ളൂ. ഇതാണ് ആർട്ടിക്കിൾ 47 അതായത് ഔഷധാവശ്യത്തിനു മാത്രമേ ലഹരിപ്പിക്കുന്ന മദ്യം, ഉണ്ടാക്കുകയോ, കൈവശം വയ്ക്കു കയോ, കടത്തികൊണ്ടു പോവുകയോ ചെയ്യാവൂ എന്ന്.

ഒന്നുകൂടി വ്യക്തമാക്കിയാൽ, ഔഷധാവശ്യത്തിനല്ലാതെ മദ്യ ത്തിന്റെ വ്യാപകമായ ഉൽപാദനം, ഒരു പൗരനും അനുവദിച്ചിട്ടില്ല. ആർട്ടിക്കിൾ 51 A പ്രകാരം, മരുന്നിനല്ലാതെ മദ്യസംബന്ധമായ ഒരു നിയമവും, ഭാരത പൗരൻ അനുസരിക്കാൻ ബാധ്യതയില്ലെന്ന സത്യം ഗ്രഹിക്കുക. ഇതിൽ നിന്നു വ്യത്യസ്തമായോ, ഇതിനു വിപരീതമായോ





ഏതു സർക്കാർ നിയമം ഉണ്ടാക്കിയാൽ, ഭരണഘടന ഭാരത പൗരനു നൽകുന്ന അവകാശങ്ങൾക്ക് വിരുദ്ധമാകയാൽ, അതനുസരിക്കാൻ നാം ബാധ്യസ്ഥമല്ല. പകരം, ഈ തിന്മകൾക്കെതിരെ സാധ്യമായ എല്ലാവിധത്തിലും പ്രതികരിക്കാനും പ്രവർത്തിക്കാനും നമുക്ക് ബാധ്യതയുണ്ടുതാനും. മദ്യം നിരോധിച്ചാൽ വ്യാജമദ്യ ഉൽപാദനം ഉണ്ടാകുമെന്നു പറയുന്ന സർക്കാർ കള്ളനോട്ടടിക്കുന്നതും കള്ള ക്കടത്തു നടത്തുന്നതും നിരോധിച്ചിരിക്കുന്നതിന്റെ യുക്തി എന്താണ്? നിരോധനം ലംഘിച്ച് കള്ളനോട്ടടിയും കള്ളക്കടത്തും വർദ്ധിക്കുമ്പോഴും ഈ നിയമങ്ങൾ ഫലപ്രദമല്ലെന്നു പറഞ്ഞ് പിൻവ ലിക്കാൻ ഗവൺമെന്റ് തയ്യാറല്ലല്ലോ. അങ്ങനെയെങ്കിൽ ജനലക്ഷ ങ്ങൾക്ക് നന്മയും ഐശ്വര്യവും പ്രദാനം ചെയ്യാനുതകുന്ന മദ്യനി രോധന നിയമവും കൊണ്ടു വരുവാൻ സർക്കാർ അടിയന്തിരമായി ശ്രമിക്കേണ്ടതല്ലേ? അതിന് സർക്കാരിനേയും രാഷ്ട്രീയ കക്ഷി കളേയും പ്രാപ്തരാക്കാനുതകുന്ന ജനകീയ മുന്നേറ്റം ഉണ്ടായേ മതിയാവൂ. മദ്യപാനം തെറ്റാണെന്ന് ബോധ്യമുള്ളവരും മദ്യത്തിന്റെ ദൂഷ്യഫലങ്ങൾ അനുഭവിച്ചിട്ടുള്ളവരുമായ ഏവരും ഈ മുന്നേറ്റ ത്തിനു മുമ്പോട്ടു വരണം. എല്ലാ ഇടവകകളിലും യൂണിറ്റുകൾ രൂപീകരിയ്ക്കാനും ബോധവൽക്കരണവും മദ്യനിർമ്മാർജ്ജന പ്രവർത്തനങ്ങളും സംഘടിപ്പിക്കുവാനും ഏവരും വിശിഷ്യാ വൈദി കരും ഇടവകജനങ്ങളും മുന്നോട്ടു വരുകയും സാധ്യമായ എല്ലാ സഹായങ്ങളും നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്യണമെന്ന് ക്രിസ്തുനാമത്തിൽ ഏവരോടും വിനീതമായി അഭ്യർത്ഥിച്ചുകൊ ള്ളുന്നു.

എന്ന്,

എറണാകുളം ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ
18.12.09 ചെയർമാൻ കെ.സി.ബി.സി മദ്യവിരുദ്ധ കമ്മീഷൻ

## C. 02/10 **Admission to another *sui iuris* church**

In the recent past,there have been cases in which members of some Religious Congregations from one *sui iuris* Church would seek admission to another *sui iuris* Church without the requisite permission and documents. This situaion becomes more complicated when it involves the ordination of a priest without prior consultation with his own *sui iuris* Church before passing to another.

In this juncture, the Congregation for the Oriental Churches has considered it necessary to remind of some procedural guidelines regarding the adaptation of a rite, birituialism and incardination of members of one *sui iuris* Church seeking admission to another *sui iuris* Church. Your Eminence is kindly requested to make this information available to all the Bishops and Superiors of Religious Congregations under the Syro- Malabar- Church.

A. A member of a *sui iuris* Church who seeks to be admitted to the novitiate of a Religious Congregation which subscribes to another *sui iuris* Church must have the permission of the Holy see. The Superior General should send to the Congregation for Oriental Chucrhes a letter recommending the candidate's acceptance, a copy of the Baptismal certificate of the candidate, a personal letter of request from the candidate and an authorization from the bishop/ chancery of the candidate's proper eparchy/ diocese.

B. Before Ordination, where a diocesan seminarian is concerned who seeks to ascribe to another *sui iuris* Church, it is incumbent upon the receiving diocese to ensure, with the cooperation of the seminary authorities, that a reqest be made to the Dicastery for an Accommodation of Rite. Again, this would be accompanied by an authorization from the eparchy/ diocese of origin.





C. Regarding biritualism, those who serve in dioceses of *sui iuris* Churches other than their own must have an indult of birutualism from the Holy See, requested either by the receiving bishop or, in the instance of Religious Congregations, from the Superior General or Provincial. This indult is for a designated period of time and must then be renewed. The mere fact of being assigned to another *sui iuris* Church's jurisdiction by one's Superior/ Bishop does not automatically grant biritualism.

There are areas ( e.g.USA, Canada, Australia, New Zealand, Britain ect.) where the failure to comply with this canonical requirement could be interpreted by civil legal authorities as evidence of"negligence" on the part of the receiving diocese. Id a legal dispute should arise involving a priest who was not properly authorized in every respect to serve in said diocese, civil lawyers could use that fact in lawsuits field against a diocese should the priest otherwise act contrary to civil law (e. g. transgressions of morality).

D. If a Religious with biritual faculties leaves the Congregation, the indult ceases. Another request must be made to the Holy See by the competent authority of the diocese/ eparchy where they relocate and which acknowledges that permission of that priest's proper *sui iuris* Church has been granted for their service in another jurisdiction.

E. A Religious cannot be incardinated in a diocese/ eparchy while still subject to their Religious Congregation.

In hoping that these guidelines would clarify some procedural issues, with cordial regards and with prayerful good wishes, I remain,

Yours fraternally in Christ,
Archbishop Pedro Lopez Quintana
Apostolic Nuncio

# രൂപതക്കച്ചേരി

## C. 01/10 വാർഷിക റിപ്പോർട്ട്

പള്ളികൾ, ആശ്രമങ്ങൾ, മഠങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ലഭിക്കേണ്ട വാർഷിക റിപ്പോർട്ടിനുള്ള ഫോറങ്ങൾ ഈ ലക്കം സഹ്യനാദത്തോടൊപ്പം അയയ്ക്കുകയാണ്. ബന്ധപ്പെട്ടവർ ഇവ കൃത്യമായി പൂരിപ്പിച്ച് ഫെബ്രുവരി 28 നകം രൂപതക്കച്ചേരിയിലേയ്ക്ക് അയച്ചുതരേണ്ടതാണ്. റിപ്പോർട്ടിൽ വിവരങ്ങൾ കഴിയുന്നത്ര കൃത്യമായി ചേർക്കുമല്ലോ.

## C. 02/10 മാർ മാത്യു പോത്താനാമുഴി പിതാവിന്റെ ചരമവാർഷികം

മാർ മാത്യു പോത്തനാമുഴി പിതാവിന്റെ ചരമവാർഷികം 2010 ഫെബ്രുവരി 6-ാം തീയതി അനുസ്മരിക്കുകയാണ്. പിതാവിന്റെ ആത്മശാന്തിക്കായി അന്നേദിവസം പ്രത്യേക അനുസ്മരണ ശുശ്രൂഷകൾ നടത്തി പ്രാർത്ഥിക്കേണ്ടതാണ്.

## C. 03/10 ജനുവരി 10, സീറോ മലബാർ മിഷൻ ഞായർ

സീറോ മലബാർ സഭയിലെ മിഷൻ രൂപതകളിലെ പ്രേഷിത പ്രവർത്തനങ്ങളെ സഹായിക്കുവാൻ നമുക്ക് കടമയുണ്ട്. അവരുടെ പ്രവർത്തനങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കുന്നതിനും, സാമ്പത്തികസഹായം നൽകുന്നതിനുമായി ജനുവരി 10 -ാം തീയതി സീറോ മലബാർ മിഷൻ ഞായറായി നാം ആചരിക്കുകയാണ്. അന്നേ ദിവസം ഈ നിയോഗാർത്ഥം പ്രത്യേക പിരിവു നടത്തി ലഭിക്കുന്ന തുക രൂപതാ കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.





## C. 04/10 വൈദികരുടെ പൊതു മാസധ്യാനം -മാർച്ച് 16

വൈദിക വർഷത്തോടനുബന്ധിച്ച് രൂപതയിൽ ജോലി ചെയ്യുന്ന ബഹു. വൈദികർക്ക് പൊതുവായി ഒരു മാസധ്യാനം മാർച്ച് മാസത്തിൽ നടത്താൻ നിശ്ചയിച്ചിരുന്നല്ലോ. മാർച്ച് 16 -ാം തീയതി ചൊവ്വാഴ്ച അടിമാലി ആത്മജ്യോതിയിൽ വച്ചാണ് പ്രസ്തുത മാസധ്യാനം ക്രമീകരിച്ചിരിക്കുന്നത്. രൂപതയിൽ ജോലി ചെയ്യുന്ന എല്ലാ വൈദികരും പ്രസ്തുത മാസധ്യാനത്തിൽ സംബന്ധിക്കേണ്ടതാണ്. സമയം 10 a.m - 4 p.m

## C. 05/10 സഭൈക്യവാരം

2010 ജനുവരി 18 മുതൽ 25 വരെ സഭൈക്യവാരമായി സാർവ്വത്രികസഭയിൽ ആചരിക്കുകയാണ്. നമ്മുടെ ഇടവകകളിലും സ്ഥാപനങ്ങളിലും സഭൈക്യവാരം ഉചിതമായി ആചരിക്കേണ്ടതാണ്. (Propria Vol.I, P.P 286 ff കാണുക)

## C. 06/10 മദ്യവിരുദ്ധ ഞായർ

ജനുവരി 24 -ാം തീയതി ഞായർ കെ.സി.ബി.സി.യുടെ ആഭിമുഖ്യത്തിൽ മദ്യവിരുദ്ധ ഞായറായി ആചരിക്കുന്നു. മദ്യവിരുദ്ധ പ്രവർത്തനങ്ങളെ സഹായിക്കാനായി 24 -ാം തീയതി ഞായറാഴ്ച പള്ളികളിൽ പിരിവ് നടത്തി തുക രൂപതാ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്.

## C.07/10 രൂപത പാസ്റ്ററൽ കൗൺസിൽ തെരഞ്ഞെടുപ്പ്

നമ്മുടെ രൂപതയിലെ നിലവിലുള്ള പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി കഴിഞ്ഞ സമ്മേളനത്തോടെ (ഡിസം. 21 2009) അവസാനിച്ചു. ഇനി പുതിയ കൗൺസിൽ രൂപീകരിക്കേണ്ടതായിട്ടുണ്ട്. പാസ്റ്ററൽ കൗൺസിലിലേക്കുള്ള ഫൊറോന പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് പെ. ബഹു. ഫൊറോന വികാരിമാരുടെ ഉത്തരവാദിത്വത്തിൽ നടത്തി തെരഞ്ഞെടുക്കപ്പെട്ടവരുടെ പേര്, ഇടവക, പൂർണ്ണമേൽവിലാസം എന്നീ വിവരങ്ങൾ ഫെബ്രുവരി 25-ാം തീയതിക്കകം രൂപതാ ചാൻസലറെ അറിയിക്കേണ്ടതാണ്.

ഫൊറോന പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് നടത്തുവാനുള്ള സമ്മേളനത്തിന്റെ ദിവസവും സമയവും അതാത് ഫൊറോനാ

വികാരിമാർ തങ്ങളുടെ ഫൊറോനകളുടെ കീഴിലുള്ള പള്ളികളുടെ വികാരിമാരെ അറിയിക്കേണ്ടതാണ്. ഫൊറോന തെരഞ്ഞെടുപ്പിന് വേണ്ടി ഇടവകകളിൽ നിന്നുള്ള പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് ബഹു. വികാരിമാരുടെ മേൽനോട്ടത്തിൽ നടത്തി അവരുടെ പേര് വിവരങ്ങൾ ഫെബ്രുവരി 5-ാം തീയതിയ്ക്കകം ഫൊറോനാ വികാരിയെ അറിയിക്കേണ്ടതാണ്.

ഓരോ ഇടവകയിൽ നിന്നും 2 പ്രതിനിധികളെ വീതമാണ് ഫൊറോനകളിലേയ്ക്ക് തെരഞ്ഞെടുക്കേണ്ടത്. 500 വീടുകളിൽ കൂടുതലുള്ള ഇടവകകളിൽ നിന്ന് മൂന്നാമതൊരു പ്രതിനിധിയെ ക്കൂടി തിരഞ്ഞെടുക്കാവുന്നതാണ്. ആ പ്രതിനിധി ഒരു വനിതയായിരിക്കണം.

ഓരോ ഫൊറോനയിൽ നിന്നും 2 അല്മായ പ്രതിനിധികളെയാണ് രൂപതാ പാസ്റ്ററൽ കൗൺസിലേക്ക് തെരഞ്ഞെടുത്തയയ്ക്കേണ്ടത്. 10 ഇടവകകളിൽ കൂടുതലുള്ള ഫൊറോനകളിൽ നിന്നും മൂന്നാമതൊരു പ്രതിനിധിയെക്കൂടി തെരഞ്ഞെടുക്കേണ്ടതാണ്.

പ്രതിനിധികളെ തെരഞ്ഞെടുക്കുമ്പോൾ സഭാകാര്യങ്ങളിൽ തല്പരരും മാതൃകാപരമായ ക്രൈസ്തവജീവിതം നയിക്കുന്നവരും നേതൃത്വ ഗുണമുള്ളവരുമായ വ്യക്തികളെ തെരഞ്ഞെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### C.08/10 **സഹവാസ കൂട്ടായ്മ- ഫോട്ടോ**

ഒക്ടോബർ 19-20 തീയതികളിൽ ആത്മജ്യോതിയിൽ വച്ചു നടന്ന സഹവാസ കൂട്ടായ്മയുടെ ഗ്രൂപ്പ് ഫോട്ടോ ക്രിസ്തുജ്യോതി ഓഫീസിൽ ലഭ്യമാണ്. ഇനിയും അത് കൈപ്പറ്റാത്തവർക്ക് അവിടെ നിന്നും വാങ്ങാവുന്നതാണ്.

### C.09/10 **തിരുനാൾ ആശംസകൾ**

| | |
|---|---|
| ഫാ. കുര്യൻ കുര്യാസ് | - ജനുവരി 3 |
| ഫാ. സെബാസ്റ്റ്യൻ വടക്കേൽ | - ജനുവരി 20 |
| ഫാ. സെബാസ്റ്റ്യൻ പന്നാരക്കുന്നേൽ | - ” |
| ഫാ. സെബാസ്റ്റ്യൻ മേലേട്ട് | - ” |
| ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ | - ” |





| | |
|---|---|
| ഫാ. സെബാസ്റ്റ്യൻ എടാട്ടേൽ | - ” |
| ഫാ. സെബാസ്റ്റ്യൻ അമ്പാട്ടുകുന്നേൽ | - ” |

## ക്രിസ്തുജ്യോതി വിശ്വാസപരിശീലനകേന്ദ്രം

### CJ 01/10 **ബെസ്റ്റ് സൺഡേ സ്കൂൾ അവാർഡ്**

2009 -10 പ്രവർത്തന വർഷത്തിൽ രൂപതാതലത്തിൽ ഏറ്റവും മികച്ച സൺഡേസ്കൂളുകളായി തെരഞ്ഞെടുക്കപ്പെട്ട സൺഡേ സ്കൂളുകളുടെ പേരു വിവരങ്ങൾ താഴെ ചേർക്കുന്നു. രൂപതയിലെ സൺഡേസ്കൂളുകളെ 3 വിഭാഗമായി തിരിച്ചിരിക്കുന്നു.

A വിഭാഗം - 400 -നു മുകളിൽ കുട്ടികളുള്ള സൺഡേസ്കൂളുകൾ

B വിഭാഗം - 200-നും 400-നും ഇടയ്ക്ക് കുട്ടികളുള്ള സൺഡേ സ്കൂളുകൾ

C വിഭാഗം - 200 നു താഴെ കുട്ടികളുള്ള സൺഡേസ്കൂളുകൾ

മൂന്നു വിഭാഗത്തിലും രൂപതാതലത്തിൽ $I^{st}$, $II^{nd}$, $III^{rd}$ സമ്മാനങ്ങൾ ഉണ്ട്.

**A വിഭാഗം**

| | |
|---|---|
| $I^{st}$ | - ദൈവമാതാ സൺഡേസ്കൂൾ, രാജകുമാരി. |
| $II^{nd}$ | - സെന്റ് ജോർജ്ജ് സൺഡേ സ്കൂൾ, വെള്ളയാംകുടി |
| ” | - സെന്റ് മേരീസ് സൺഡേ സ്കൂൾ, മാങ്കുളം |
| $III^{rd}$ | - സെന്റ് മേരീസ് സൺഡേ സ്കൂൾ, മുരിക്കാശ്ശേരി |

**B വിഭാഗം**

| | |
|---|---|
| $I^{st}$ | - സെന്റ് ജോൺ മരിയ വിയാനി സൺഡേ സ്കൂൾ, പണിക്കൻകുടി |
| $II^{nd}$ | - ഫാത്തിമ മാതാ സൺഡേ സ്കൂൾ, കൂമ്പൻപാറ |
| $III^{rd}$ | - സെന്റ് ജോർജ്ജ് സൺഡേസ്കൂൾ, വെൺമണി |

**C വിഭാഗം**

Ist - ഇൻഫന്റ് ജീസസ് സൺഡേസ്കൂൾ, കോമ്പയാർ
IInd - സെന്റ് ജോസഫ്സ് സൺഡേസ്കൂൾ, പേഴുകണ്ടം
IIIrd - സെന്റ് ജോസഫ്സ് സൺഡേസ്കൂൾ, കല്ലാർകുട്ടി

## CJ 02/10 അഭിനന്ദനങ്ങൾ

2009 ഡിസംബർ 5-ാം തീയതി മുരിക്കാശ്ശേരിയിൽ വച്ചു നടത്തിയ വിശ്വാസപരിശീലകർക്കുവേണ്ടിയുള്ള ക്വിസ്സ് മത്സരത്തിൽ വിജയികളായ മതാദ്ധ്യാപകരെ പ്രത്യേകം അഭിനന്ദിക്കുന്നു. വിജയികളായവരുടെ പേരു വിവരങ്ങൾ താഴെ ചേർക്കുന്നു.

**സന്യാസ്ത വിഭാഗം**

Ist - സി. ജോയ്സ് ഡി.എസ്.ടി. കരിമ്പൻ
IInd - സി. മെർളി എഫ്.സി.സി. മുരിക്കാശ്ശേരി
IIIrd - സി. റോസ്ന സി. എം.സി വാഴത്തോപ്പ്
IVth - സി. ജിസ്മരിയ എസ്.ഡി പണിക്കൻകുടി
” - സി. വിമൽ ജോസ് എസ്.എം.എസ് കുത്തുപാറ
” - സി. ആൻ ട്രീസ എസ്.എം.എസ് കുത്തുപാറ
” - സി. ടെസി മലേക്കുടി എസ്.എച്ച്, മഞ്ഞപ്പാറ
” - സി. റീനറ്റ് എഫ്.സി.സി, മുരിക്കാശ്ശേരി
” - സി. രമ്യാ സി.എം.സി, ഇടുക്കി
” - സി. ബിൻസ് മരിയ എഫ്.സി.സി, കരിമ്പൻ

**അത്മായ വിഭാഗം**

Ist - ശ്രീമതി കൊച്ചുറാണി ജോയി കടവിൽ, നെടുങ്കണ്ടം
IInd - ശ്രീമതി ജോളി ജോസഫ് ഇലവുംകുന്നേൽ, തങ്കമണി
IIIrd - എത്സമ്മ ടോമി, കീരിത്തോട്
IVth - സെലിൻ മാത്യൂസ്, മുരിക്കുംതോട്ടി
” - പ്രീതി ജോർജ്ജ്, ചെമ്പകപ്പാറ
” - അഞ്ചു ജോർജ്ജ്, ചെമ്പകപ്പാറ
” - അരുൺ ആന്റണി, എല്ലക്കൽ
” - മേഴ്സി ജെയ്സൺ, എല്ലക്കൽ





## CJ 03/10 ലേഖനമത്സര വിജയികൾ

ക്രിസ്തുജ്യോതി വിശ്വാസപരിശീലന കേന്ദ്രം മതാദ്ധ്യാപകർക്കായി സംഘടിപ്പിച്ച ലേഖനമത്സരത്തിൽ പങ്കെടുത്ത എല്ലാ മതാദ്ധ്യാപകരേയും അഭിനന്ദിക്കുന്നു. വിജയികളായവരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

**സന്യസ്ത വിഭാഗം**

Ist - സി. വിൽസി മരിയ സി.എം.സി, കൂമ്പൻപാറ
IInd - സി. ഷീലു തെരേസ് സി.എം.സി, കൂമ്പൻപാറ
IIIrd - സി. ദീപ റോസ് എസ്.ഡി, പാണ്ടിപ്പാറ
” - സി. പ്രശാന്തി സി.എം.സി, വിമലഗിരി
” - സി. രമ്യാ സി.എം.സി, ഇടുക്കി
” - സി. ബിൻസ് മരിയ എഫ്.സി.സി, കരിമ്പൻ
” - സി. സിദ്ധി എസ്.എച്ച്, കാന്തിപ്പാറ
” - സി. ടെസിൻ എഫ്.സി.സി, ഇരട്ടയാർ
” - സി. ഡെലീഷ്യാ എസ്.സി.ജെ.ജി, ചുരുളി
” - സി. ജീവാ മരിയ സി.എസ്.എൻ, അടിമാലി

**അത്മായ വിഭാഗം**

Ist - ജോസ്മി ജോസ് നെടുങ്കല്ലേൽ, വിമലഗിരി
IInd - പി. എ ചാക്കോ പൊന്നമ്പേൽ, മാവടി
IIIrd - ഷീബാ ജോസ് പുറവക്കാട്ട്, തൊവരയാർ
” - സെലിൻ ജോർജ്ജ് പൂണേലിൽ, കൂമ്പൻപാറ
” - ബാബു ജോസ് പുളിയ്ക്കൽ, പനംകുട്ടി
” - ജോർജ്ജ് കോയിക്കൽ, ഇരട്ടയാർ
” - ജോളി ജോസഫ് ഇലവുംകുന്നേൽ, തങ്കമണി
” - ജോളി മണ്ണഞ്ചേരിൽ, പേഴുംകണ്ടം
” - സെബാസ്റ്റ്യൻ വള്ളിയിൽ, വെള്ളയാംകുടി
” - റോസ്മിൻ ആന്റണി കൂടപ്പുഴ, മഞ്ഞപ്പാറ

## CJ 04/10 ലോഗോസ് ക്വിസ് സമ്മാനങ്ങൾ

ലോഗോസ് ക്വിസ് 2009 -ന്റെ ഓരോ ഇടവകയിലേയ്ക്കുമുള്ള, സമ്മാനങ്ങൾ ഈ മാസം 15-ാം തീയതി മുതൽ ക്രിസ്തുജ്യോതി ഓഫീസിൽ നിന്നും കൈപ്പറ്റേണ്ടതാണ്.

## CJ 05/10 എസ്.എസ്.സി, എച്ച്. സി. സി. സ്കോളർഷിപ്പ് പരീക്ഷകളുടെ എ, ബി ഫോറങ്ങൾ

2009-2010 -ലെ എസ്.എസ്.സി., എച്ച്.സി.സി. വാർഷിക പരീക്ഷകൾക്കുള്ളതും, 4-ാം ക്ലാസ്സു മുതൽ 10-ാം ക്ലാസ്സു വരെയുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്കുള്ളതുമായ എ.ബി. ഫാറങ്ങൾ 2010 ജനുവരി 10-ാം തീയതിയ്ക്കകമായി ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കേണ്ടതാണ്. സ്കോളർഷിപ്പ് പരീക്ഷയ്ക്ക് ഓരോ ക്ലാസ്സിൽ നിന്നും എത്ര ഡിവിഷനുകൾ ഉണ്ടെങ്കിലും ഏറ്റവും കൂടുതൽ മാർക്കു ലഭിച്ച മൂന്നു കുട്ടികളെ മാത്രമേ പങ്കെടുപ്പിക്കുകയുള്ളൂ. പരീക്ഷയ്ക്കായി കുട്ടികളെ തെരഞ്ഞെടുക്കുമ്പോൾ എഴുത്തുപരീക്ഷയുടെ മാർക്കുമാത്രമേ പരിഗണിക്കാവൂ.

## CJ 06/10 സുവിശേഷോത്സവ് 2010

2010 ഏപ്രിൽ മാസം 6-ാം തീയതി ചൊവ്വാഴ്ച മുതൽ 11-ാം തീയതി ഞായറാഴ്ച വരെ സുവിശേഷോത്സവ് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ലിറ്റിൽ ഫ്ളവർ, ഡൊമിനിക് സാവിയോ, അൽഫോൻസാ, സെന്റ് തോമസ് വിഭാഗങ്ങളിൽ ഓരോ സൺഡേ സ്കൂളുകളിലേയ്ക്കും ആവശ്യമായ പുസ്തകങ്ങളുടെ എണ്ണം ഈ മാസം 10-ാം തീയതിയ്ക്കകമായി ക്രിസ്തുജ്യോതി ഓഫീസിൽ അറിയിക്കേണ്ടതാണ്. പുസ്തകങ്ങൾക്ക് 16/- രൂപാ നിരക്കിലാണ് വില ഈടാക്കുന്നത്. ലഭിക്കുന്ന ഓർഡർ അനുസരിച്ചു മാത്രമേ പുസ്തകങ്ങൾ നല്കുകയുള്ളൂ. അതിനാൽ ആവശ്യമായ പുസ്തകങ്ങളുടെ ഓർഡർ എത്രയും നേരത്തേ നല്കുവാൻ ശ്രദ്ധിക്കുമല്ലോ.

## CJ 07/10 ഇടവക വിഹിതം

2009 -10 പ്രവർത്തനവർഷത്തെ ഇടവകവിഹിതം ഇനിയും തന്നിട്ടില്ലാത്ത ഇടവകകൾ 2010 ജനുവരി മാസത്തിൽ തന്നു തീർക്കേണ്ടതാണ്.

## CJ 08/10 വിശ്വാസ പരിശീലനത്തിൽ കുട്ടികൾക്കൊരു സഹായി

അദ്ധ്യാപകർക്കും കുട്ടികൾക്കും ആവശ്യമായ പൊതുവിജ്ഞാനം അടങ്ങിയ ''വിശ്വാസ പരിശീലനത്തിൽ കുട്ടികൾക്കൊരു സഹായി'' എന്ന പുസ്തകം ക്രിസ്തുജ്യോതി ഓഫീസിൽ ലഭ്യമാണ്. വില 40/- രൂപ. എല്ലാ മതാദ്ധ്യാപകർക്കും ഇതിന്റെ ഓരോ കോപ്പി സ്വന്തമായുണ്ടായിരിക്കുന്നത് അഭികാമ്യമാണ്. സാധിക്കുന്നിടത്തോളം കുട്ടികളും പുസ്തകം വാങ്ങി ഉപയോഗിക്കുന്നതിൽ ശ്രദ്ധിക്കുമല്ലോ.





ഡയറക്ടർ

# CORPORATE EDUCATIONAL AGENCY, IDUKKI

## Edn.01/10 പ്രൊമോഷൻ- ട്രാൻസ്ഫർ അപേക്ഷ

നമ്മുടെ കോർപ്പറേറ്റിലെ സ്കൂളുകളിൽ HM/HSA തസ്തികകളിലേയ്ക്ക് പ്രൊമോഷൻ ആഗ്രഹിക്കുന്ന അർഹതയുള്ള അദ്ധ്യാപകർ 2010 ജനുവരി 31-നു മുമ്പ് അതിനുള്ള അപേക്ഷ നിശ്ചിത ഫോറത്തിൽ വിദ്യാഭ്യാസ ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

സ്ഥലം മാറ്റം ആഗ്രഹിക്കുന്ന അദ്ധ്യാപകരും ജനുവരി 31-നു മുമ്പ് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## Edn.02/10 അദ്ധ്യാപക അനദ്ധ്യാപക അവാർഡ്

നമ്മുടെ സ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപകരിൽ നിന്നും രൂപതാ അവാർഡിനായി പരിഗണിക്കപ്പെടുവാൻ അർഹതയുള്ളവരുടെ വിശദവിവരങ്ങൾ ജനുവരി 31-നു മുമ്പായി രൂപതാ ഓഫീസിൽ ഏല്പ്പിക്കേണ്ടതാണ് അവാർഡിനു പരിഗണിക്കുന്നവരെക്കുറിച്ച് തയ്യാറാക്കാനുള്ള റിപ്പോർട്ടിന്റെ മാതൃക രൂപതാ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

Edn.03/10 **ഉപന്യാസ മത്സരം**

ടീച്ചേഴ്സ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ അദ്ധ്യാപകർക്കായി ഈ വർഷവും ഉപന്യാസമത്സരം നടത്തുന്നു. ഉപന്യാസമത്സരത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അവരുടെ രചനകൾ 2010 ഫെബ്രുവരി 15 -നു മുമ്പായി രൂപതാ ഓഫീസിൽ ഏല്പിക്കേണ്ട താണ്.

വിഷയം: ആഗോളതാപനം, വെല്ലുവിളിയും പ്രതിവിധികളും.

## സോഷ്യൽ സർവീസസ്

SS 01/10 **സംഘങ്ങളുടെ ഓഡിറ്റിംഗ്**

HDS ൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന എല്ലാ സംഘങ്ങളുടെയും വാർഷിക ഓഡിറ്റിംഗ് ജനുവരി 4-ാം തീയതി മുതൽ ആരംഭിക്കുന്നു. പ്രവർത്തനം തുടങ്ങി 6 മാസമെങ്കിലും പൂർത്തിയായ എല്ലാ സംഘങ്ങളും നിർബന്ധമായും കണക്കുകൾ ഓഡിറ്റിംഗ് ചെയ്തിരിക്കണം. ഓരോ യൂണിറ്റുകളിലേയും ഓഡി റ്റിംഗ് തീയതി ഇതിനോടകം യൂണിറ്റുകളിൽ അറിയിച്ചിട്ടുണ്ട്. 100/ രൂപയാണ് സംഘങ്ങളുടെ ഓഡിറ്റിംഗ് ഫീസ്. ഓഡിറ്റിംഗിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യാൻ ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

SS 02/10 **MSME ട്രെയിനിംഗ്**

കേന്ദ്ര സർക്കാർ സ്ഥാപനമായ MSME യുമായി സഹകരിച്ച് HDS സെന്റർ ഓഫീസ് പ്ലംബിംഗ് & വയറിംഗ് പരിശീലന പരിപാടി ആരംഭിച്ചു. 25 പേരാണ് 6 ആഴ്ച ദൈർഘ്യമുള്ള ഈ പരിപാടി യിൽ പങ്കെടുക്കുന്നത്.





SS 03/10 **നഴ്സിംഗ് കുട്ടികളുടെ ഏകദിന പരിശീലനം**

കണ്ടോത്ത് ഫൗണ്ടേഷന്റെ സഹായത്തോടുകൂടി നഴ്സിംഗ് പഠനം നടത്തുന്ന കുട്ടികൾക്ക് HDS സെൻട്രൽ ഓഫീസിൽവച്ച് ഏകദിന പരിശീലന പരിപാടി നടത്തി. റവ. ഫാ. കൊച്ചുപുരയ്ക്കൽ, റോബി തോമസ് എന്നിവർ നേതൃത്വം നല്കി.

SS 04/10 **ജൈവസാക്ഷ്യപത്രം വിതരണം നടത്തി**

നാഷണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിഗിംന്റെ അംഗീ കാരത്തോടുകൂടി നടപ്പിലാക്കുന്ന ജൈവസർട്ടിഫിക്കേഷൻ പരി പാടിയിൽ അംഗങ്ങളായ 1613 കർഷകർക്കുള്ള 1-ാം വർഷ ജൈവ സാക്ഷ്യപത്രം ഡിസംബർ 12 -ാം തീയതി തോപ്രാംകുടി മരിയ ഗൊരേത്തി സ്കൂളിൽ വച്ച് നടത്തിയ പൊതുസമ്മേളനത്തിൽ ഇടുക്കി M.P. ശ്രീ. പി.റ്റി. തോമസ് നിർവ്വഹിച്ചു. ഇടുക്കി M.L.A ശ്രീ. റോഷി അഗസ്റ്റ്യൻ, ബ്ലോക്ക് പഞ്ചായത്ത് മെംബർ ശ്രീ. സെൽവം, തോപ്രാംകുടി പള്ളി വികാരി റവ. ഫാ. സെബാസ്റ്റ്യൻ എടാട്ടേൽ, സ്പൈസസ് ബോർഡ് അസി. ഡയറക്ടർ ശ്രീ. നാരാ യണ സ്വാമി എന്നിവർ പങ്കെടുത്തു.

SS 05/10 **CDC, TAC മീറ്റിംഗുകൾ**

IDEA പ്രോഗ്രാമിന്റെ ഭാഗമായുള്ള കോർ ഡെവലപ്പ്മെന്റ് സെൽ, ട്രസ്റ്റ് ഏരിയാ കമ്മിറ്റി എന്നിവയുടെ മീറ്റിംഗുകൾ കരിമ്പൻ ബിഷപ്സ് ഹൗസിൽ വച്ചും HDS സെൻട്രൽ ഓഫീസിൽ വച്ചും നടന്നു. പങ്കെടുത്ത എല്ലാ CDC അംഗങ്ങൾക്കും TAC അംഗങ്ങൾക്കും പ്രത്യേകം നന്ദി.

SS 06/10 **മുട്ടക്കോഴി വിതരണം**

ഗ്രാമപ്രിയ ഇനത്തിൽപ്പെട്ട 1400 മുട്ടക്കോഴി കുഞ്ഞുങ്ങളെ വിതരണം നടത്തി. 2010 ജനുവരി മാസം അവസാനത്തോടുകൂടി വീണ്ടും വിതരണം നടത്തുന്നു. കോഴിക്കുഞ്ഞുങ്ങളെ ആവശ്യമു ള്ളവർ ജനുവരി 10-ാം തീയതിക്കു മുമ്പായി HDS ഓഫീസിൽ അറി യിക്കണം.

# ചെറുപുഷ്പ മിഷൻ ലീഗ്

**CML 01/10 സ്വാഗതം**

ചെറുപുഷ്പ മിഷൻലീഗ് ഇടുക്കി രൂപതാ ഓഫീസ് സെക്രട്ടറിയായി നിയമിതനായിരിക്കുന്ന ബ്രദർ. ജോസഫ് കോയ്ക്കലിന് രൂപതാ കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം.

**CML 02/10 കുഞ്ഞുമിഷനറി ക്വിസ്സ് രൂപതാ മത്സരം**

ചെറുപുഷ്പ മിഷൻലീഗ് കുഞ്ഞുമിഷനറി ക്വിസ്സ് രൂപതാ മത്സരം 2010 ജനുവരി 26-ാം തീയതി മുരിയ്ക്കാശ്ശേരി പാവനാത്മാ കോളേജിൽ വച്ച് നടത്തപ്പെടുന്നു. ശാഖകളിൽ വിജയികളായവർ രൂപതാ മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്.

**CML 03/10 ജോയിന്റ് ഡയറക്ടേഴ്സ് ക്യാമ്പ്**

ഇടുക്കി രൂപതാ മിഷൻലീഗ് ജോയിന്റ് ഡയറക്ടേഴ്സ് സിസ്റ്റേഴ്സിനായി 2009 നവംബർ 27, 28 തീയതികളിലായി അടിമാലി ആത്മജ്യോതിയിൽ വച്ച് നടത്തിയ 'ജ്വലനം' ക്യാമ്പിൽ 64 പേർ പങ്കെടുത്തു. റവ. സി. മെറിൻ C.M.C ക്യാമ്പ് ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ. നോബിൾ വലിയമറ്റത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഉദ്ഘാടന സമ്മേളനത്തിൽ അടിമാലി ആത്മജ്യോതി ഡയറക്ടർ റവ. ഫാ. ജോർജ്ജി പള്ളിക്കുന്നേൽ, അസി. ഡയറക്ടർ റവ. ഫാ. ജോസഫ് പറയന്നിലം എന്നിവർ ആശംസകൾ അർപ്പിച്ചു. രൂപതാ സെക്രട്ടറി ബാബു പൊന്നോത്ത് കൃതജ്ഞത അർപ്പിച്ചു. റവ. ഫാ. ബിജു മഠത്തിക്കുന്നേൽ, റവ. സി. റോസിലിൻ, ശ്രീ. ജോസ് മൈക്കിൾ പുതിയാപറമ്പിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു.





# കെ.സി.എസ്.എൽ.

**KCSL 01/10 K C S L കലോത്സവ വിജയികളുടെ കൂട്ടായ്മ**

രൂപതാ കലോത്സവത്തിൽ ഫസ്റ്റ് 'എ' ഗ്രേഡ് കിട്ടിയ സിംഗിൾ, ഗ്രൂപ്പ് ഇനങ്ങളിലെ എല്ലാ കുട്ടികളും വാഴത്തോപ്പ് സെന്റ് ജോർജ്ജ് ഹയർ സെക്കന്ററി സ്കൂളിൽ 2/01/2010 ൽ 9.30 -ന് എത്തിച്ചേരണം.

**KCSL 02/10 സംസ്ഥാന കലോത്സവം**

9/01/2010 -ൽ കോതമംഗലം സെന്റ്. അഗസ്റ്റ്യൻസ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് K C S L സംസ്ഥാന കലോത്സവം നടത്തപ്പെടുന്നതായിരിക്കും. രൂപതാ കലോത്സവത്തിൽ ഫസ്റ്റ് 'എ' ഗ്രേഡ് കിട്ടിയ എല്ലാ കുട്ടികളും നിർബന്ധമായും ഇതിൽ പങ്കെടുക്കേണ്ടതാണ്.

**KCSL 03/10 പ്രസംഗ മത്സരം**

വൈദിക വർഷത്തോടനുബന്ധിച്ചുള്ള പ്രസംഗമത്സരം ചേലച്ചുവട് സാന്തോം പബ്ലിക് സ്കൂളിൽ വച്ച് 23/01/2010 -ൽ നടത്തപ്പെടുന്നു.

**KCSL 04/10 പ്രതിഭാ ക്യാമ്പ്**

K C S L പ്രതിഭാ ക്യാമ്പ് (പ്രസംഗപരിശീലകളരി) ജനുവരി അവസാനത്തോടുകൂടി നടത്തപ്പെടുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക്.

9497284166 (K C S L ഓർഗനൈസർ)

# കെ.സി.വൈ.എം.

## KCYM 01/10 KCYM രൂപതാ കൗൺസിൽ

2010 ജനുവരി 1,2,3 തിയതികളിൽ രൂപതാ കൗൺസിൽ മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ വച്ച് നടത്തപ്പെടും. 1-ാം തിയതി 5.30 ന് തുടങ്ങുന്ന കൗൺസിൽ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ഉദ്ഘാടനം ചെയ്യും. ക്ലാസുകൾ, ചർച്ചകൾ, വിവിധ യൂണിററുകളുടെ റിപ്പോർട്ട് അവതരണം, പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് എന്നിവയാണ് ഈ മീറ്റിംഗിന്റെ മുഖ്യ അജണ്ട. തെരഞ്ഞെടുപ്പിനായും വോട്ടിങ്ങിനായും വരുന്ന KCYM ഭാരവാഹികൾ വികാരിയച്ചന്റെ എഴുത്തുമായി വരേണ്ടതാണ്. ഫാ. സഖറിയാസ് എടാട്ട് VC, Br. ജോഷി മൈലക്കൊമ്പ്, സണ്ണി കടൂത്താഴെ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകും.

## KCYM 02/10 ശാഖാരൂപികരണം. വെള്ളത്തൂവൽ

19-12-09 വെള്ളത്തൂവൽ ഇടവകയിൽ KCYM -ന്റെ പുതിയ ശാഖ രൂപികരിച്ചു. KCYM രൂപതാ ഡയറക്ടർ ഫാ. ജോസ് മാവേലിക്കുന്നേൽ യുവജനങ്ങൾക്ക് ക്ലാസുകൾ നൽകി. തുടർന്ന് അനീഷ് കുമാംകുഴയ്ക്കൽ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ടവർക്ക് റവ. ഫാ. ജെയിംസ് വരാരപ്പിള്ളി സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

## KCYM 03/10 ശാഖാ രൂപീകരണം പൊൻമുടി

20-12-09 പൊൻമുടി ഇടവകയിൽ KCYM പുതിയ ശാഖരൂപീകരിച്ചു. എകദേശം അറുപതോളം യുവജനങ്ങൾ പങ്കെടുത്ത





യോഗത്തിന് ശ്രീ. ജോയി പ്ലാത്തറ, ഫാ. ജോർജ്ജ് കുഴിപ്പള്ളിൽ എന്നിവർ ക്ലാസുകൾ നയിച്ചു. ശ്രീ. ഷിന്റോ വെട്ടുകാട്ടിൽ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. റവ. ഫാ. ആന്റണി പനച്ചിക്കൽ ഭാരവാഹികൾക്ക് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

## KCYM 04/10 'THERU'-2009 തങ്കമണി

13-12-09 തങ്കമണി KCYM മേഖലയുടെ ആഭിമുഖ്യത്തിൽ യുവജനങ്ങളുടെ സമഗ്രവികസനത്തെ ലക്ഷ്യമാക്കിയുള്ള ക്യാമ്പ് 'THERU-2009' നടത്തപ്പെട്ടു. എകദേശം 400 ഓളം യുവജനങ്ങൾ പങ്കെടുത്ത ഈ ക്യാമ്പ് 5 മണിയോടുകൂടി അവസാനിച്ചു.

## KCYM 05/10 രൂപതാ മീറ്റിംഗ്

13-12-09 ഉച്ചയ്ക്ക് 2 മണിക്ക് KCYM രൂപതാ ഡയറക്ടർ ഫാ. ജോസ് മാവേലിക്കുന്നേലിന്റെയും പ്രസിഡന്റ് ശ്രീ. ഷിജോ തടത്തിലിന്റെയും നേതൃത്വത്തിൽ ഏകദേശം 15 ഭാരവാഹികൾ ഒത്തുചേർന്ന് രൂപതാ കൗൺസിലിന്റെ വിജയത്തിനായുള്ള മീറ്റിംഗ് നടത്തി. പ്രസിഡന്റ് ഷിജോ തടത്തിൽ അദ്ധ്യക്ഷത വഹിച്ചു.

## KCYM 06/10 മേഖല കൺവെൻഷൻ

12-12-09 വെള്ളയാംകുടി KCYM -ന്റെ ആഭിമുഖ്യത്തിൽ നടത്തിയ മേഖലാ കൺവെൻഷനിൽ 60 ഓളം യുവജനങ്ങൾ പങ്കെടുത്തു. റവ. ഫാ. പോൾ മൈലക്കച്ചാലിൽ, ഫാ. ടിനു പാറക്കടവിൽ എന്നിവർ യുവജനങ്ങൾക്ക് ക്ലാസുകൾ നൽകി. റവ. ഫാ. തോമസ് മാളിയേക്കൽ, റവ. ഫാ. ജെയിംസ് മാക്കിയിൽ, KCYM രൂപതാ ഡയറക്ടർ ഫാ. ജോസ് മാവേലിക്കുന്നേൽ എന്നിവർ തുടർന്നുള്ള സമ്മേളനത്തിൽ സന്നിഹിതരായിരുന്നു.

## കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**MVS 01/10 മലപ്പുറം അക്രമത്തിനെതിരെ കരിദിനവും കളക്ടറേറ്റ് മാർച്ചും നടത്തി.**

പഞ്ചായത്ത്‌രാജ് നഗരപാലികാനിയമത്തിലെ റദ്ദുചെയ്യപ്പെട്ട മദ്യനിരോധത്തിന് സഹായകരമായിരുന്ന 232, 447 വകുപ്പുകൾ പുനസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് കഴിഞ്ഞ 400 ദിവസമായി മദ്യനിരോധനസമിതി സംസ്ഥാനകമ്മിറ്റിയുടെ അഭിമുഖ്യത്തിൽ മലപ്പുറം കളകട്രേറ്റ് പടിക്കൽ നടത്തിവന്ന അനിശ്ചിതകാല സത്യാഗ്രഹത്തിന്റെ പന്തൽ പോലീസും റവന്യു ഉദ്യോഗസ്ഥരും ചേർന്ന് സർക്കാർ നിർദ്ദേശത്തോടെ ഡിസംബർ 11 -ന് കാലത്ത് പൊളിച്ചുമാറ്റിയ നടപടിയിലും സംസ്ഥാന നേതാക്കളായ ഇകചേരി കുഞ്ഞികൃഷ്ണൻ, റവ. ഫാ. വർഗീസ് മുഴുത്തേറ്റ് എന്നിവർക്ക് പരിക്കേറ്റ സംഭവത്തിലും പ്രതിഷേധിച്ച് മദ്യവിരുദ്ധ ജനകീയമുന്നണി ഇടുക്കി ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കരിദിനാചരണവും കളക്ടറേറ്റ് മാർച്ചും നടത്തി. കരിദിനാചരണത്തിന്റെ ഭാഗമായി 13 -ന് ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ പ്രതിഷേധ സമ്മേളനങ്ങളും പ്രകടനവും സംഘടിപ്പിയ്ക്കുകയും കരിങ്കൊടികൾ ഉയർത്തുകയും ചെയ്തു. കളക്ടറേറ്റ് മാർച്ച് ഇടുക്കി രൂപത വികാരി ജനറാൾ ബഹു. മോൺ മാത്യു തൊട്ടിയിൽ ഉദ്ഘാടനം ചെയ്തു. മദ്യനിരോധനം നടത്തുവാനുള്ള ആർജവത്തം കേരള സർക്കാരിനുണ്ടാകണമെന്നും മലപ്പുറത്ത് അക്രമം നടത്തിയവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും അദ്ദേഹം പ്രസ്താവിച്ചു

K.C. B. C മദ്ധ്യവിരുദ്ധസമിതി ഇടുക്കി രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് പാപ്പാടി, രൂപത പ്രസിഡന്റ് സിൽബി ചുനയംമാക്കൽ, മദ്യനിരോധനസമിതി ജില്ലാ പ്രസിഡന്റ് റവ. ഫാ. ജോസഫ്





കോയിക്കകുടി C.M.L സംസ്ഥാന സെക്രട്ടറി ജോസഫ് പുതിയാപറമ്പിൽ, മലപ്പുറം മദ്യവരുദ്ധ സമരം ജില്ലാ ഐക്യദാർഢ്യസമിതി കൺവീനർ അഷറഫ് കല്ലേലി, സമിതി വൈസ് ചെയർമാൻ C.R. വിനോദ്, ബെന്നി പാലക്കാട്ട്, ജോസ് ഇഞ്ചയിൽ, ജോയി കല്ലത്ത്, സി. ലീജ S.D, ടോമി മുത്തനാട്ട്, ജോയി മണ്ണാംപറമ്പിൽ, ഷാജി ചിലമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് ഇക്കാര്യങ്ങളിലുള്ള പ്രതിക്ഷേധമറിയിച്ചുകൊണ്ട് ഇടുക്കി കളക്ടർക്ക് നിവേദനം നൽകി.

**MVS 02/10 മദ്യവിരുദ്ധസമിതി സംസ്ഥാനസമ്മേളനം എറണാകുളത്ത് നടന്നു.**

K.C. B. C മദ്യവിരുദ്ധസമിതിയുടെ 11-ാം സംസ്ഥാനസമ്മേളനം ഡിസംബർ 5 -ന് കലൂർ റിന്യൂവൽസെന്ററിൽ നടത്തി. K.C. B. C ചെയർമാൻ ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് സമ്മേളനം ഉദ്ഘാടനം ചെയ്തു. വിവിധ രൂപതകളിൽ നിന്നായി ആയിരത്തോളം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. ഇടുക്കി രൂപതയിൽ നിന്നും പ്രസിഡന്റ്, ജന. സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു.

**MVS 03/10 മദ്യവിരുദ്ധ ഞായർ സംഭാവനകൾ മദ്യവിരുദ്ധപ്രവർത്തനങ്ങൾക്ക്**

ജനുവരി 24 മദ്യവിരുദ്ധ ഞായറാഴ്ച രൂപതയിലെ മദ്യവിരുദ്ധ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുവാൻ സംഭാവനകൾ നല്കി സഹായിക്കണമെന്ന് എല്ലാ ഇടവകാംഗങ്ങളോടും ബഹു. വൈദികരോടും വിനീതമായി അഭ്യർത്ഥിക്കുന്നു.

രൂപതാ പ്രസിഡന്റ്

## ഫാമിലി അപ്പസ്തോലേറ്റ്

FA 01/10

2010 ജനുവരി മുതൽ രൂപതയിലെ എല്ലാ സംവിധാനങ്ങളുടെയും സഹകരണത്തോടെ ആരംഭിയ്ക്കുന്ന കൗമാര കൗൺസലിങ് പരിശീലന പരിപാടിയിലേയ്ക്ക് കുറെ സീററുകൾ ഒഴിവുണ്ട്.

അടിമാലി ആത്മജ്യോതിയിലാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്. ഓരോ മാസത്തെയും രണ്ടാം ശനിയും ഞായറും ആണ് ദിവസങ്ങൾ. ശനിയാഴ്ച രാവിലെ 9.30 -ന് ആരംഭിച്ച് ഞായറാഴ്ച 3 p.m -ന് അവസാനിക്കും. കോഴ്സിൽ ഓരോ മാസവും 150 രൂപാ രജിസ്ട്രേഷൻ ഫീസുണ്ടായിരിക്കും. താൽപര്യമുള്ളവർ ഉടൻതന്നെ അറിയിക്കുക. Mob. 9496806003

FA 02/10 **വിവാഹ ഒരുക്ക സെമിനാറിൽ മാതാപിതാക്കളുടെ പങ്കാളിത്തം**

2010 മുതൽ എല്ലാ വിവാഹാർത്ഥികൾക്കും അവരുടെ മാതാപിതാക്കൾക്കും വിവാഹഒരുക്കസെമിനാറിൽ ക്ലാസ് ഉണ്ടായിരിക്കും. മാതാപിതാക്കളെ പ്രോത്സാഹിപ്പിച്ചയയ്ക്കാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. വെള്ളിയാഴ്ചകളിൽ 1.30 മുതൽ 3 വരെയാണ് സമയം.

FA 03/10 **വിവാഹ ഒരുക്ക സെമിനാർ**

2010 ജനു. 19 – 22 ചൊവ്വ -വെള്ളി
2010 ഫെബ്രു.- 2-5- ചൊവ്വ -വെള്ളി

## ആത്മജ്യോതിയിലെ പരിപാടികൾ

| | |
|---|---|
| Dec. 29-Jan. 1 | Pre - Marriage Course |
| Jan.10-15 | ആന്തരീക സൗഖ്യധ്യാനം |
| 19-22 | Pre - Marriage Course |

# AKCC

### അന്മായ നേതൃത്വ ശാക്തീകരണ ശില്പശാല മുരിക്കാശ്ശേരിയിൽ

സമൂഹത്തിന്റെ നാനാവിധമായ പ്രവർത്തന മണ്ഡലങ്ങളിൽ മൂല്യബോധവും സാമൂഹ്യപ്രതിബദ്ധതയുമുള്ള നേതൃത്വത്തെ





ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി നവംബർ മാസം 26,27 തീയതികളിൽ മുരിക്കാശ്ശേരി പാവനാത്മ കോളേജിൽ ചേരുകയുണ്ടായി. 63 ഇടവകകളിൽ നിന്നായി 239 പ്രതിനിധികളും 43 ഭാരവാഹികളും പങ്കെടുക്കുകയുണ്ടായി. പ്രശസ്തമായ ഓൾ ഇൻഡ്യാ ട്രെയിനേഴ്സ് G to G ഗ്രൂപ്പാണ് പരിശീലന പരിപാടികൾക്ക് നേതൃത്വം നല്കിയത്. 'വാതിൽ 2010' എന്ന പേരിൽ സംഘടിപ്പിച്ച ശില്പശാലയുടെ ഉത്ഘാടനം അഭിവന്ദ്യ ഇടുക്കി മെത്രാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ നിർവ്വഹിച്ചു. AKCC ഇടുക്കി രൂപതാ പ്രസിഡന്റ് ജോസുകുട്ടി ജോർജ്ജ് മാടപ്പള്ളിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ AKCC രൂപതാ ഡയറക്ടർ ഫാ. ജോസഫ് കോയിക്കക്കുടി ആമുഖപ്രഭാഷണം നടത്തി. സംസ്ഥാന സെക്രട്ടറി പ്രൊഫ. ജോസുകുട്ടി ഒഴുകയിൽ, സംസ്ഥാന ട്രഷറർ അഡ്വ. ബിജു സെബാസ്റ്റ്യൻ പറയന്നിലം, ഫാ. സക്കറിയാസ് പുതിയാപറമ്പിൽ എന്നിവർ സംസാരിച്ചു. രൂപത ജനറൽ സെക്രട്ടറി ജോർജ്ജ് കോയിക്കൽ സ്വാഗതവും രൂപതാ ട്രഷറർ സെബാസ്റ്റ്യൻ മാത്യു കൃതജ്ഞതയും രേഖപ്പെടുത്തി. ശില്പശാല കോ ഓർഡിനേറ്റർ ജോസഫ് കുര്യൻ ഏറമ്പടം വൈ. പ്രസി. മാത്യു മലേപ്പറമ്പിൽ, നോബിൾ വലിയമറ്റം, ജോയിക്കുട്ടി വരിക്കമാക്കൽ, ബേബി ചേറ്റാനി തുടങ്ങിയവർ നേതൃത്വം നല്കി. 10 ഫൊറോനകളിൽ നിന്നും എത്തിചേർന്ന ക്യാമ്പംഗങ്ങൾക്ക് നേതൃത്വത്തെക്കുറിച്ചും സാമൂഹ്യ പ്രതിബദ്ധതയെക്കുറിച്ചും പുതിയൊരു ബോധ്യം ലഭിക്കുവാൻ ശില്പശാല ഇടവരുത്തി.

### വൈദികവർഷത്തിൽ വൈദികർക്ക് സ്വീകരണവും ആദരിക്കൽ പൊതുസമ്മേളനവും

മുരിക്കാശ്ശേരി പാവനാത്മ കോളേജിൽ ചേർന്ന ശില്പശാലയുടെ 2-ാം ദിവസം വൈദികരെ ആദരിക്കൽ ദിനമായി ആചരിച്ചു. രാവിലെ 9.30 ന് രൂപതയിലെ വൈദികരുടെ നേതൃത്വത്തിൽ സമൂഹബലി അർപ്പിച്ചു. 10.30 ന് അഭിവന്ദ്യപിതാവിനും രൂപതയിലെ വൈദികശ്രേഷ്ഠർക്കും വിശിഷ്ടാതിഥികൾക്കും സ്വീകരണം നല്കി. ബാന്റ് മേളത്തിന്റെയും NCC കേഡറ്റ്സിന്റെ ഓണറിംഗ് പരേഡിന്റെയും അകമ്പടിയോടുകൂടി സമ്മേളന നഗരിയിലേയ്ക്ക് സ്വീകരണം നല്കി. ആദരിക്കൽ സമ്മേളനത്തിൽ AKCC രൂപതാ

പ്രസിഡന്റ് ജോസുകുട്ടി മാടപ്പള്ളി അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ജോർജ്ജ് കോയിക്കൽ സ്വാഗതം ആശംസിച്ചു. രൂപതാ ഡയറക്ടർ റവ.ഫാ.ജോസഫ് കോയിക്കക്കുടി അനുസ്മരണ പ്രഭാഷണം നടത്തി. കഴിഞ്ഞകാലങ്ങളിൽ ഈ പ്രദേശത്തിന്റെയും, രൂപതയുടെയും നാനാവിധമായ വളർച്ചയ്ക്കും ഉയർച്ചയ്ക്കും വേണ്ടി സേവനമനുഷ്ടിച്ച് കടന്നുപോയവരുടെയും, കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയവരേയും അനുസ്മരിച്ചു. ആദരിക്കൽ സമ്മേളനത്തിന്റെ ഉത്ഘാടനം അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചു. അഭിവന്ദ്യപിതാവിനും വൈദികർക്കുമുള്ള മെമന്റോ സമർപ്പണം AKCC സംസ്ഥാന പ്രസി. M.D. ജോസഫ് മണ്ണിപ്പറമ്പിൽ നിർവ്വഹിച്ചു. Dr. കുര്യാസ് കുമ്പളക്കുഴി മുഖ്യപ്രഭാഷണം നടത്തി. മോൺ. മാത്യു തൊട്ടിയിൽ, റവ. ഫാ. എമ്മാനുവൽ ആര്യപ്പിള്ളി, കോളേജ് പ്രിൻസിപ്പൽ V.J. പീറ്റർ, ശ്രീമതി. മോളി സെബാസ്റ്റ്യൻ തൃശൂർ തുടങ്ങിയവർ പ്രഭാഷണങ്ങൾ നടത്തി. ജോസഫ് കുര്യൻ ഏറമ്പടം യോഗത്തിന് കൃതജ്ഞത അർപ്പിച്ചു.

ജോയി നാറാണത്ത്, ജോസഫ് സേവ്യർ, രാജു മുളകുവള്ളി, ജോസ് മുണ്ടയ്ക്കാട്ട്, തോമസ് നിരവത്തുപറമ്പിൽ, വിനോദ് തോപ്രാംകുടി, ജോസ് പുതിയാപറമ്പിൽ, മനോജ് പതിയിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി. ആദരിക്കൽ സമ്മേളനം, സ്നേഹവിരുന്ന് എന്നിവയിൽ 60 ഓളം വൈദികർ പങ്കെടുത്തു.

### സംഘടനാ പ്രവർത്തന പരിശീലനം

ശില്പശാലയുടെ ഭാഗമായി AKCC സംഘടനാ പ്രവർത്തനം, മാർഗ്ഗരേഖ എന്നീ വിഷയങ്ങളെ അധികരിച്ചുള്ള പരിശീലനം നടത്തുകയുണ്ടായി. പരിശീലന പരിപാടികൾ, ചർച്ചകൾ, ആക്ഷൻ പ്ലാൻ രൂപീകരണം എന്നിവയ്ക്ക് ജോസഫ് കുര്യൻ, ജോസുകുട്ടി ഒഴുകയിൽ, അഡ്വ. ജോയിസ് ജോർജ്ജ് പാലിയത്ത് എന്നിവർ നേതൃത്വം നല്കി.

### സ്ത്രീ ശാക്തീകരണം- ക്ലാസ്സ്, ചർച്ച

സാമൂഹിക പ്രതിബദ്ധതയും, നേതൃത്വബോധ്യവുമുള്ള സ്ത്രീകളുടെ നിര രൂപപ്പെടുത്തേണ്ടത് വളരെ അനിവാര്യമായിരിക്കുന്നു. തൃശൂർ കില ഫാക്കൽറ്റി മെംബർ ശ്രീമതി മോളി സെബാസ്റ്റ്യൻ ക്ലാസ്സു നയിച്ചു. ശ്രീമതി മോളി അലക്സ്, K.I ഏലിയാമ്മ കാനാട്ട് എന്നിവർ നേതൃത്വം നല്കി.





നേതൃത്വ ശില്പശാലയിൽ പങ്കെടുത്തവർക്കും, നേതൃത്വം നല്കി സഹകരിച്ച വൈദികർ, സംഘടനാ ഭാരവാഹികൾ എന്നിവർക്കും ആദരിക്കൽ പൊതുസമ്മേളനത്തിന് എത്തിച്ചേർന്ന പ്രിയപ്പെട്ട വൈദികർക്കും, സാമ്പത്തിക സഹായം നല്കി സഹായിച്ചവർക്കും പ്രത്യേകിച്ച് സ്ഥലസൗകര്യങ്ങൾ ഒരുക്കി സഹായിച്ച ഫാ. സക്കറിയാസ് പുതിയാപറമ്പിലച്ചനും സഹപ്രവർത്തകർക്കും AKCC രൂപതാ കമ്മറ്റിയുടെ നിസ്സീമമായ നന്ദി.

## മാതൃദീപ്തി

### നന്ദി

മാതൃദീപ്തി ഇടുക്കി രൂപതയുടെ 2006-09 പ്രവർത്തന വർഷത്തിൽ അഭിമാനാർഹമാംവിധം രൂപതാതല പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി സ്ഥാനമൊഴിയുന്ന ഭാരവാഹികളായ ശ്രീമതി ആനിയമ്മ കണ്ണൻചിറ (പ്രസിഡന്റ്), ലില്ലി പാറയ്ക്കൽ (സെക്രട്ടറി), മോളി കോട്ടയ്ക്കൽ (ട്രഷറർ), സാലി അമ്പാട്ടുകുന്നുംപുറം (ജോ. സെക്രട്ടറി), ഷേർളി ക്രിസ്റ്റി വലിയമരത്തിങ്കൽ (വൈ. പ്രസിഡന്റ്) എന്നിവർക്ക് രൂപതാ കുടുംബത്തിന്റെ ഹൃദയംനിറഞ്ഞ നന്ദിയും കടപ്പാടും അറിയിക്കുന്നു. തുടർന്നും നേതൃനിരയിലേയ്ക്കുയർന്ന് മാതൃദീപ്തിയിലൂടെ സഭാഗാത്രത്തെ വളർത്താൻ നിങ്ങൾക്കാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

### മേഖലാവിഹിതം

രൂപതയിൽ നടത്തിയ പ്രഷർകുക്കർ ഇൻസ്റ്റാൾമെന്റിന്റെ വിഹിതമായി ഓരോ മേഖലയ്ക്കും 1000/- രൂപാവീതം നല്കുകയുണ്ടായി. സഹകരിച്ച എല്ലാ മേഖലാഭാരവാഹികൾക്കും നന്ദി.

### സേവനതുറയിലൂടെ സമാഹരണത്തിലേയ്ക്ക്

മാതൃദീപ്തി രൂപതാ, മേഖലാ, ശാഖാ പ്രവർത്തനങ്ങളുടെ

ഫണ്ട് സമാഹരണം പിരിവുകൾ, കൂപ്പൺ, നറുക്കെടുപ്പ് രീതികളിൽ നിന്നും മാറി, കൂടുതൽ പ്രവർത്തനങ്ങളിലൂടെ, സേവനമേഖലയിലൂടെ, കുടുംബങ്ങൾക്കും മാതാക്കൾക്കും സമർപ്പിക്കാൻ ഈ വർഷം മുതൽ പരിശ്രമിക്കുന്നു. അതിന്റെ ഭാഗമായി 2010 ഈസ്റ്റർ സമ്മാനമായി കുടുംബങ്ങൾക്ക് ഇൻഡക്ഷൻ കുക്കർ, മിക്സി, അയൺ ബോക്സ് മുതലായവ ഏറ്റം കുറഞ്ഞ നിരക്കിൽ നല്കാനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതാണ്. എല്ലാ മേഖലാ ശാഖാ ഭാരവാഹികളുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

## വിമൻസ് കമ്മീഷൻ

### ഫൊറോന കമ്മറ്റിരൂപീകരണം

ഇടുക്കി രൂപതയിലെ വിമൻസ് കമ്മീഷൻ ഫൊറോനതല രൂപീകരണത്തിന്, ഓരോ ഫൊറോന അല്ലെങ്കിൽ മേഖലയിലെയും മാതൃദീപ്തി ഡയറക്ടറും മോഡറേറ്ററും യാഥാക്രമം ഫൊറോന വിമൻസ് കമ്മീഷന്റ ഡയറക്ടറും മോഡറേറ്ററും ആയിരിക്കും. മറ്റ് അംഗങ്ങൾ, എല്ലാഭക്തസംഘടനകളിലെയും, (CML, KCYM, മാതൃദീപ്തി, KCSL, വിൻസന്റ് ഡി പോൾ-)ക്രഡിറ്റ് യൂണിയൻ സോഷ്യൽ സർവ്വീസ് വിഭാഗങ്ങളിലെ മേഖലാ ഭാരവാഹിത്വത്തിലെ സ്ത്രീ പ്രതിനിധികൾ. ഇവരിൽ നിന്നും കമ്മീഷന്റ ഫൊറോന സെക്രട്ടറിയെ ഫൊറോന ഡയറക്ടർക്ക് നിശ്ചയിക്കാവുന്നതാണ്. ഇപ്രകാരമുള്ള കമ്മറ്റി ജനുവരി 31 2010 -ന് മുൻപായി രൂപികരിച്ച് രൂപതാ ഡയറക്ടറുടെ മേൽവിലാസത്തിൽ, വിവരം അറിയിക്കണേ.

## കുടുംബകുട്ടായ്മ

**1. കുടുംബകൂട്ടായ്മകൾ - സുവിശേഷ വത്ക്കരണത്തിനുള്ള ശക്തി കേന്ദ്രം**

സുവിശേഷ വത്ക്കരണത്തിനുള്ള ശക്തിസ്രോതസ്സായി കുടുബ കൂട്ടായ്മയെ പ്രയോജനപ്പെടുത്തുവാൻ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ഉദ്ബോധിപ്പിക്കുന്നു. (രക്ഷകന്റെ ദൗത്യം, നമ്പർ. 51)





ഓരോ കാലഘട്ടത്തിന്റെയും പ്രത്യേകതകളുടെ പശ്ചാത്തലത്തിൽ വിശ്വാസത്തെ മനസ്സിലാക്കുവാനും ആഴപ്പെടുത്തുവാനുമുള്ള പരിശീലനം അത്മായർക്ക് തുടർച്ചയായി നല്കേണ്ടതാണെന്ന് സഭ നിഷ്കർഷിക്കുന്നു. (രക്ഷകന്റെ ദൗത്യം, 59-60) പഠനം ജീവിതാന്ത്യം വരെ നീണ്ടുനില്ക്കുന്ന ഒരു പ്രക്രിയ ആണല്ലോ. തുടർച്ചയായുള്ളതും ഫലപ്രദവുമായ അത്മായ പരിശീലനത്തിന് യോജിച്ച വേദികളാണ് കുടുംബകൂട്ടായ്മകൾ എന്നും ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ചൂണ്ടിക്കാണിക്കുന്നു. 'കൂട്ടായ്മകളുടെ കൂട്ടായ്മ' എന്നതായിരിക്കും ഏഷ്യയിലെ നാളത്തെ സഭയുടെ സ്വഭാവവും സവിശേഷത എന്ന് ഏഷ്യൻ ബിഷപ്സ് കോൺഫ്രൻ സിന്റെ പ്രസ്താവന പ്രസക്തമാണ്. (FABC ബാൻതൂങ്ങ് 1990. 8:1) ഒരു ശരീരത്തിന്റെ മുഴുവൻ വളർച്ചയ്ക്കും സുസ്ഥിതിയ്ക്കുമായി നിരന്തരം പ്രവർത്തിക്കുന്ന കോശങ്ങൾ പോലെയാണ് സഭയിൽ ചെറിയ ക്രൈസ്തവ സമൂഹങ്ങൾ അഥവാ കുടുംബകൂട്ടായ്മകൾ. ഓരോ ക്രിസ്ത്യാനിക്കും സഭയിലുള്ള തന്റെ ദൗത്യം നിറവേറ്റാൻ അവസരമൊരുക്കുന്ന ചെറിയ ക്രൈസ്തവ സമൂഹങ്ങളുടെ രൂപവത്ക്കരണവും വളർച്ചയും നമ്മുടെ എല്ലാ ഇടവകകളിലും പ്രോത്സാഹിപ്പിക്കണം. (ഇൻഡ്യയിലെ മെത്രാന്മാരുടെ കോൺഫ്രൻസ് 1998. വരണാസി 3:3)

**2. വചനാധിഷ്ഠിത ജീവിതത്തിന്റെ പ്രസക്തി**

വചനാധിഷ്ഠിതമായ സമൂഹം മാത്രമേ നിലനില്ക്കുകയുള്ളൂ എന്ന് കർത്താവ് വ്യക്തമാക്കുന്നു (മത്തായി 7:24-27). വചനം പങ്കുവച്ച് ഉറപ്പുള്ള സമൂഹത്തിന് രൂപവും ഭാവവും നല്കുവാൻ കുടുംബകൂട്ടായ്മകളിലൂടെ സാധിക്കുന്നു. ഒരു പ്രത്യേക സ്ഥലപരിധിക്കുള്ളിൽ കുറച്ചുകുടുംബങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കുടുംബകൂട്ടായ്മകൾ അംഗങ്ങൾക്ക് പരസ്പരം കണ്ടുമുട്ടാനും പങ്കെടുക്കുവാനുമുള്ള സൗകര്യം വർദ്ധിപ്പിക്കുന്നു. ക്രമമായിട്ട് കൂടുന്ന സമ്മേളനങ്ങളിലൂടെ സ്വഭാവികമായി ബന്ധം സുദൃഢമാവുകയും സാമൂഹിക ബോധവും സഹകരണ മനോഭാവവും സംജാതമാവുകയും ചെയ്യും. ചിന്തയിലും ആസൂത്രണത്തിലും തീരുമാനങ്ങൾ എടുക്കുന്നതിലും എല്ലാവർക്കും കുടുംബകൂട്ടായ്മകളിൽ

പങ്കാളിത്തം ലഭിക്കുന്നതുവഴി ഓരോ വ്യക്തിയും ഉത്തരവാദിത്വ ബോധമുള്ളവനായിത്തീരുന്നു. ''ഇന്നത്തെ സഭയുടെ മുന്നിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ എപ്രകാരമുള്ള സഭാസമൂഹമാണ് ആവശ്യമെന്ന് ചിന്തിച്ചപ്പോൾ ഞങ്ങൾക്കു മുന്നിൽ വിരിഞ്ഞത്, സഭാപ്രവർത്തനങ്ങൾ ആലോചന മുതൽ വിവിധ പദ്ധതികളുടെ നടത്തിപ്പുവരെ അയൽപക്കങ്ങളിൽ ഒരുമിച്ചുകൂടുന്ന കുടുംബകൂട്ടായ്മകളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന വിശ്വാസികളുടെ സമൂഹമായ മാതൃകാ ഇടവകകളും രൂപതകളുമാണ്. ശുശ്രൂഷിക്കപ്പെടുവാനല്ല ശുശ്രൂഷിക്കാനാണ് ഞാൻ വന്നത് എന്നു പറഞ്ഞ ഈശോയുടെ മാതൃകയിലുള്ള ആധിപത്യേതര നേതൃത്വമാണ് ഇത്തരത്തിൽ രൂപവത്കൃതമാകുന്ന സഭയ്ക്ക് ഉണ്ടാകേണ്ടത്''. (ഇൻഡ്യയിലെ മെത്രാന്മാരുടെ കോൺഫ്രൻസ് പൂന-1992) പരിശുദ്ധ കുർബ്ബാന ഇടവകയാകുന്ന കുടുംബത്തിന്റെ ആഘോഷമാണ്. ബന്ധമില്ലാത്തിടത്ത് ആഘോഷത്തിന് പ്രസക്തിയില്ല. കുടുംബകൂട്ടായ്മകൾ സജീവമാക്കുന്നതിന് ആനുപാതികമായി ആരാധനക്രമം അർത്ഥപൂർണ്ണവും അനുഭവദായകവുമായിത്തീരുന്നു.

**3. കുടുംബകൂട്ടായ്മയുടെ ലക്ഷ്യങ്ങൾ**

1. സഹോദര സ്നേഹത്തിൽ വളരാൻ
2. വിശ്വാസത്തിൽ ആഴപ്പെടാൻ
3. ക്രിസ്തുവിന് സാക്ഷ്യം നല്കാൻ
4. വചനാധിഷ്ഠിത പ്രവർത്തനങ്ങൾക്ക് ശക്തിയും സ്രോതസ്സുമാകാൻ

**4. ഉണ്ണിശോയ്ക്ക് ഒരു രൂപയുടെ പ്രസക്തി**

ഇടവകകളിൽ ഈ നോമ്പുകാലത്തിൽ സമാഹരിച്ച ഒരു രൂപ (ഒരു ദിവസം ഒരു കുടുംബത്തിന് എന്നത് പദ്ധതിഫണ്ട്) കൂട്ടായ്മകളിലൂടെ ഇടവകയിൽ ദരിദ്രരായവർക്ക് വിവിധ രീതികളിൽ സഹായങ്ങൾ നല്കി ക്രിസ്തുമസ്സ് കാലത്തിന്റെ അരൂപി നിലനിർത്താൻ ശ്രമിക്കുമല്ലോ. പത്തു ശതമാനം തുക രൂപത കുടുംബകൂട്ടായ്മ, പ്രവർത്തനങ്ങൾക്കായി ബഹു. വികാരിയച്ചന്മാർ ആനിമേറ്റേഴ്സ് സമീപിക്കുമ്പോൾ ഏല്പ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.





**5. ഇടവകകളിൽ കൂട്ടായ്മശാക്തീകരണ സെമിനാർ**

കൂട്ടായ്മകളെ ശക്തമായി രൂപീകരിക്കുവാനും വളർത്തി മുമ്പോട്ടു കൊണ്ടുപോകുവാനും സഹായിക്കുന്നതിന് രൂപതാ സെൻട്രൽ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ആനിമേറ്റേഴ്സിനെ ലഭ്യമാണ്. ആവശ്യമുള്ള ബഹു. വികാരിയച്ചന്മാരും ശുശ്രൂഷകരും ഇവിടെ കൊടുക്കുന്ന ടെലഫോൺ നമ്പരുകളിൽ ബന്ധപ്പെട്ടാൽ മതി.
04868 -276086, 9447580748

നിയമപരിഷ്ക്കരണ കമ്മീഷന്റെ സഭാ വിരുദ്ധമായ നിയമനിർദ്ദേശങ്ങളെപ്പറ്റി കൂട്ടായ്മകളിൽ ചർച്ചചെയ്ത്, ദൂരവ്യാപകമായ വിപത്തിനെക്കുറിച്ച് വിചിന്തനം ചെയ്യുകയും, ബോധവത്ക്കരണശ്രമങ്ങൾ നടത്തുകയും പ്രതികരണങ്ങൾ സംഘടിപ്പിക്കുകയും ചെയ്യേണ്ടത് അനിവാരര്യമാണ്. ഈ കാര്യങ്ങളിൽ കൂട്ടായ്മാ ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ. ഈ വിഷയത്തെക്കുറിച്ച് കൂടുതൽ അറിവു നേടാൻ ഉപകരിക്കുന്ന ലഘുലേഖകൾ രൂപതാ കേന്ദ്രത്തിൽ നിന്ന് എത്തിച്ചിരുന്നല്ലോ. ജീവനും, ജീവിതവും സംരക്ഷിക്കുക എന്നതാണല്ലോ ഏതൊരു നിയമത്തിന്റെയും ലക്ഷ്യം. അതേ ജീവൻതന്നെ ജീവൻ നശിപ്പിക്കുന്നതിന് ലക്ഷ്യം വയ്ക്കുന്നുവെങ്കിൽ ഭാവി എത്രയോ ഭയാനകം. ഈ വിഷയത്തെ സംബന്ധിച്ച് കൂടുതൽ വിവരങ്ങളും ക്ലാസ്സുകളും ആവശ്യമുണ്ടെങ്കിൽ മുകളിൽ പറഞ്ഞിരിക്കുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

രൂപതാ ഡയറക്ടർ

## തിരുബാലസഖ്യം

**രൂപതാ കലോത്സവം**

തിരുബാലസഖ്യത്തിന്റെ 2009- 2010 പ്രവർത്തനവർഷത്തെ രൂപതാതല മത്സരങ്ങൾ 2009 ഡിസംബർ 12 ശനിയാഴ്ച 9.30 ന് വാഴത്തോപ്പ് സെന്റ്. ജോർജ് ഹൈസ്കൂളിൽ വച്ച് നടത്തി. രൂപതാ ചാൻസലർ റവ. ഡോ. ജോൺ നെല്ലിക്കുന്നേൽ മത്സരങ്ങൾ ഉദ്ഘാ

ടനം ചെയ്തു. 10 സ്റ്റേജുകളിലായി 500 ഓളം കലാപ്രതിഭകൾ തങ്ങ ളുടെ കഴിവുകൾ പ്രകടമാക്കി. 3.45 ന് കൂടിയ സമാപനസമ്മേളന ത്തിൽ രൂപതാ എഡ്യുക്കേഷൻ സെക്രട്ടറി റവ. ഫാ. ജോസ് കരി വേലിക്കൽ മത്സരത്തിൽ പങ്കെടുത്തവരെ അഭിനന്ദിക്കുകയും വിജ യികൾക്ക് ട്രോഫികളും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്യുകയും ചെയ്തു.

10 ഇനങ്ങളിലായി നടന്ന മത്സരത്തിൽ 156 പോയിന്റ് നേടി സെന്റ്. ജോർജ്ജ് ചർച്ച് വെള്ളയാംകുടി ഒന്നാം സ്ഥാനവും, 150 പോയിന്റോടെ സെന്റ്.ജോർജ്ജ് ചർച്ച് വാഴത്തോപ്പും, സെന്റ്. തോമസ് ചർച്ച് തങ്കമണിയും രണ്ടാം സ്ഥാനവും, 149 പോയിന്റോടെ പച്ചടി, ഉദയഗിരി എന്നീ ഇടവകകൾ മൂന്നാം സാഥാനവും കരസ്ഥ മാക്കി.

**രൂപതാ കലോത്സവ വിജയികൾ**

**പ്രസംഗം ജൂണിയർ**

Ist ഇസ്സ മരിയ ടോം ഇടുക്കി
IInd എമിൻ മരിയ ഡോമിനിക് പണിക്കൻകുടി
IIIrd ബിന്റോ ജോസഫ് പച്ചടി

**പ്രസംഗം - സീനിയർ**

Ist ഡെർജിൻ ബേബി അൽഫോസാ നഗർ
IInd കൃപ മരിയ ഫ്രാൻസിസ് പാണ്ടിപ്പാറ
IIIrd അപർണ്ണ അബ്രഹാം മുരിക്കാശ്ശേരി

**സംഗീതം - ജൂണിയർ**

Ist റൊണാൾഡ് റെജി വെള്ളയാംകുടി
IInd എമിൻ മരിയ സാബു തങ്കമണി
IIIrd ജിസ്മിൻ ജോൺ ലോവർ കുളമാവ്

**സംഗീതം -സീനിയർ**

Ist നോവാ അന്നാ തോമസ് വാഴത്തോപ്പ്
IInd റിങ്കി മരിയ ജോർജ് കരിമ്പൻ
,, ഏയ്ഞ്ചൽ തങ്കച്ചൻ വെള്ളയാംകുടി
,, സിമിൽ റോസ് ഷൈജു തങ്കമണി
IIIrd അലൻ ബേബി ചെമ്മണ്ണാർ





**വിശുദ്ധരുടെ കഥപറയൽ - ജൂണിയർ**

Ist അമലു മാത്യു പച്ചടി
IInd എമിൻ മരിയ ഡൊമിനിക്
IIIrd ആൻ ഷാരോൺ വർഗ്ഗീസ് ഉദയഗിരി

**വിശുദ്ധരുടെ കഥപറയൽ -സീനിയർ**

Ist ജോയൽ പി. ജോൺ വാഴത്തോപ്പ്
IInd സോന തോമസ് പച്ചടി
IIIrd ജയ്സ് മരിയ സജി അൽഫോൻസാ നഗർ

**സിംഗിൾ ഡാൻസ് - ജൂണിയർ**

Ist ആൻ ഷാരോൺ വർഗ്ഗീസ് ഉദയഗിരി
IInd അൽനാ മരിയ സ്നേഹഗിരി
IIIrd റൊണാൾഡ് റെജി വെള്ളയാംകുടി

**സിംഗിൾ ഡാൻസ് - സീനിയർ**

Ist റ്റാനിയ മാത്യു പാദുവാപുരം
IInd അലീന ക്രിസ് ലിവിങ്സ്റ്റൺ വിമലഗിരി
IIIrd ആർദ്ര ടോം ബനഡിക്ട് വെള്ളയാംകുടി

**ബൈബിൾ വാക്യമെഴുത്ത് - സീനിയർ**

Ist ജസ്റ്റിൻ ഷാജി ഉദയഗിരി
,, ശ്യാമ തയ്യിൽ മച്ചിപ്ലാവ്
IInd ആഷ്വിൻ മാത്യു മഞ്ഞപ്പാറ
,, അർച്ചന അഗസ്റ്റിൻ ആയിരമേക്കർ
IIIrd അമൽ ജോർജ് പെരിഞ്ചാംകുട്ടി

**ബൈബിൾ വായന - സീനിയർ**

Ist മേരി സിബി ഇടുക്കി
IInd ഫിൽബിൻ സണ്ണി മുരിക്കാശ്ശേരി
IIIrd എമിലിൽ റെജി തൊവരയാർ

**.N.B** മത്സരത്തിൽ A grade കിട്ടിയവർക്കുള്ള സർട്ടിഫിക്കറ്റുകൾ ജനുവരി ആദ്യ ആഴ്ച മുതൽ രൂപതാ ഓഫീസിൽ നിന്നു ലഭിക്കുന്ന താണ്.

## അറിയിപ്പ്

### സന്യാസിനി സമൂഹങ്ങളുടെ പുതിയസാരഥികൾ

**1. നസ്രത്ത് സിസ്റ്റേഴ്സ്**

സുപ്പീരിയർ ജനറൽ - റവ. സി.മേരി പോൾ N S
അസി.സുപ്പീരിയർ ജനറൽ -റവ. സി.റോസിലിൻ ജോസ് NS
ജനറൽ കൗൺസിലേഴ്സ് -റവ. സി. ആൻസി കുര്യൻ N S
-റവ. സി. മേരി ആന്റോ N S
-റവ. സി. ലീനാ മാനുവൽ N S
ജനറൽ പ്രൊക്കുറേറ്റർ -റവ. സി. ജോയിസ് മാത്യു N. S

**2. ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ**

സുപ്പീരിയർ ജനറൽ - റവ. സി. സിൻക്ലെയർ (മാനന്തവാടി)
അസി.സുപ്പീരിയർ ജനറൽ -റവ. സി. ജിയോ മരിയ (ചങ്ങനാശ്ശേരി)
ജനറൽ കൗൺസിലേഴ്സ് -റവ. സി. വിമല (ഇരിങ്ങാലക്കുട)
-റവ. സി. റെജി മരിയ (ഹസാരിബാഗ് )
-റവ. സി. ലൂസി സേവ്യർ (പാലാ)
-റവ. സി. ആൻ ജോസഫ് (നോയിദാ)
-റവ. സി. ആൻസിൽ (ഇടുക്കി)
ജനറൽ പ്രൊക്കുറേറ്റർ -റവ. സി. എൽസാ റ്റോംസ് (ഭരണങ്ങാനം)
ജനറൽ സെക്രട്ടറി -റവ. സി. പ്രിറ്റി മരിയ (ഡൽഹി)





**3. ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ നിർമൽറാണി പ്രൊവിൻസ്, ഇടുക്കി**

പ്രൊവിൻഷ്യൽ സുപ്പീരിയർ - റവ. സി. സുഗുണ
അസി. പ്രൊവിൻഷ്യൽ -റവ. സി. ഡെൽഫിനാ
കൗൺസിലേഴ്സ് -റവ. സി. ഷെഫി
-റവ. സി. പീയൂഷ
-റവ. സി. ശുഭ
പ്രൊവിൻഷ്യൽ പ്രൊക്കുറേറ്റർ -റവ. സി. ആൽഫി
പ്രൊവിൻഷ്യൽ സെക്രട്ടറി - റവ. സി. ജെയ്സി ഫ്രാൻസിസ്

**4.എസ്. എച്ച്. നവജ്യോതി പ്രൊവിൻസ്, ഇടുക്കി**

പ്രൊവിൻഷ്യൽ സുപ്പീരിയർ - റവ. സി.സിൻസി തളിപ്പറമ്പിൽ S.H
അസി. പ്രൊവിൻഷ്യൽ -റവ. സി. മേരി മറ്റപ്പിള്ളിൽ S.H
കൗൺസിലേഴ്സ് -റവ. സി. ആൻസ് മേരി കല്ലുങ്കൽ S.H
-റവ. സി. മേരി ലൊറേറ്റോ മൈലാടൂർ S.H
-റവ. സി. ആൻസി പന്നയ്ക്കൽ S.H
പ്രൊവിൻഷ്യൽ ഓഡിറ്റർ - -റവ. സി. മേരി അനില പാറയിൽ S . H
പ്രൊവിൻഷ്യൽ പ്രൊക്കുറേറ്റർ -റവ. സി നിർമ്മല വടക്കേപ്പറമ്പിൽ S . H

**5. സി. എം. സി. കാർമ്മൽഗിരി പ്രൊവിൻസ്, ഇടുക്കി**

പ്രൊവിൻഷ്യൽ സുപ്പീരിയർ - റവ. സി. ഫിദേലിസ്
അസി. പ്രൊവിൻഷ്യൽ - റവ. സി. ഫിലോ

| | |
|---|---|
| കൗൺസിലേഴ്സ് | - റവ. സി. അർച്ചന |
| | - റവ.സി. ജാസ്മിൻ |
| | - റവ. സി. ജാൻസീന |
| പ്രൊക്യുറേറ്റർ | - റവ. സി. ലേത്തൂസ് |
| പ്രൊവിൻഷ്യൽ സെക്രട്ടറി | - റവ. സി. നൈസ് മരിയ |

## പുതിയതായി ആരംഭിച്ച ഭവനങ്ങൾ

Alphonsa Capuchin Ashram
Edamattam
Rajakumary S.
Pin: 685 619

Holy Family Convent
Chinnarnirappu
Parthodu
Pin: 685 571

## വാർത്തകളും വിശേഷങ്ങളും

**മലേഷ്യയെ ഇസ്ലാമികവത്കരിക്കാൻ ശ്രമം:**

മലേഷ്യയെ ഇസ്ലാമിക രാഷ്ട്രമാക്കുന്നതിനുള്ള നീക്കങ്ങൾ നടന്നു വരുന്നു. അമുസ്ലീങ്ങൾ 'അള്ളാ' എന്ന പദം ഉപയോഗിക്കുന്നതു വിലക്കിക്കൊണ്ട് അവിടെ നിയമം വന്നു കഴിഞ്ഞു.

മലേഷ്യയിലെ 2.66 കോടി ജനങ്ങളിൽ 60% മാത്രമാണ് മുസ്ലീങ്ങൾ 19% ബുദ്ധമതക്കാരും 9% ക്രൈസ്തവരുമാണ്. ക്രൈസ്തവരിൽ മൂന്നിലൊന്നാണ് കത്തോലിക്കർ. സഭയുടെ മിഷൻ സ്കൂളുകൾക്ക് അവയുടെ സ്വഭാവം നഷ്ടമാവുകയാണ്. മാതാപിതാക്കളിലൊരാൾ ഇസ്ലാമിലേയ്ക്ക് മതം മാറിയാൽ 18 വയസ്സിനു താഴെയുള്ള അവരുടെ മക്കൾ സ്വാഭാവികമായിത്തന്നെ മുസ്ലീങ്ങളാകുമെന്ന നിയമവും മലേഷ്യയിൽ നിലവിൽ വന്നിരിയ്ക്കുകയാണ്.





## രൂപതാദ്ധ്യക്ഷന്റെ ഡയറി

**നവംബർ**

22. അഭിവന്ദ്യപിതാവ് പാലാ രൂപതയിലെ ഇളംതോട്ടം ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.
23. മഞ്ചിക്കവല CMC Convent -ൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.
26. ദനഹാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ Convocation നോട് അനുബന്ധിച്ച് റാസ കുർബാനയർപ്പിച്ച് സന്ദേശം നല്കി.
27. 'അല്മായരുടെ പ്രാധാന്യം സഭയിൽ' എന്ന വിഷയത്തെക്കുറിച്ച് P.O.C യിൽ വച്ച് നടന്ന ചർച്ചയിൽ പങ്കെടുത്തു.
* മുരിക്കാശ്ശേരിയിൽ വച്ച് AKCC യുടെ ആഭിമുഖ്യത്തിൽ നടന്ന 'വാതിൽ 2009,' വൈദികരെ ആദരിക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി.

28 മൈനർ സെമിനാരിയുടെ 'Home day' യോട് അനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

29 ചെല്ല്യാംപാറ ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

**ഡിസംബർ**

2. കരിമ്പനിൽ വച്ചു നടന്ന Presbyteral council -ന് നേതൃത്വം നൽകി.
5. മുരിക്കാശ്ശേരിയിൽ വച്ചുനടന്ന Catechism Annual Convention ന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് സമ്മാനങ്ങൾ വിതരണം ചെയ്തു.
6. വെള്ളത്തൂവൽ ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.
7. മുല്ലക്കാനത്തുള്ള കുരിശുപള്ളി വെഞ്ചിരിക്കുകയും, വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

8. രാജമുടി S.H Provincial House -ൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.
* ഇടമറ്റത്തുള്ള അൽഫോൻസാ കപ്പൂച്ചിൻ ആശ്രമം ആശിർവദിച്ചു.
13 പൊൻമുടി ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.
15 അടിമാലി CMC Provincial House ൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.
16 കുതിരകല്ല് SABS Provincial House -ൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.
19 മുരിക്കാശ്ശേരി FCC Provincial House -ൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.
20 കീരിത്തോട് ഇടവകയിൽ വി. കുർബാനയർപ്പിക്കുകയും സിമിത്തേരി ചാപ്പൽ വെഞ്ചിരിക്കുകയും ചെയ്തു.
21 അടിമാലി സെന്റ് ജൂഡ് ടൗൺ പള്ളിയിൽ വച്ചു നടന്ന മതസൗഹാർദ്ദ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.





## BISHOP'S ENGAGEMENTS

**January 2010**

| | Place | Programme | Time |
|---|---|---|---|
| 01 | *Adimaly* | | |
| ★ | *Koompanpara* | | |
| ★ | *Murickassery* | | |
| 02 | *Manjappara* | *Ordination* | *2.00 p.m* |
| 03 | *Kanjikuzhy* | | |
| 04 | *Ellackal* | *Ordination* | |
| ★ | *Vazhathopu* | | |
| 05 | *Narakakanam* | *Ordination* | |
| 06 | *P.O.C* | | |
| 07 | *Nellimattom* | *Ordination* | |
| 08 | *Nellippara* | *Jubilee* | *2.30 p.m* |
| 09 | *Adimaly* | | *11.30a.m* |
| ★ | *Kallippara (Kallupalam)* | | *3.00 p.m* |
| 10 | *Adimaly* | | *10.00 a.m* |
| 11-16 | *Mount St.Thomas* | *Synod* | |
| 17 | *Ellackal* | *Visit* | |
| 18 | *Manjappara (Karimban)* | | *10.30 a.m* |
| 19 | *Social Service* | | *10.30 a.m* |
| 20 | *P.O.C* | | |
| 21 | *Murickassery* | | *3.00 p.m* |
| *22* | *Thankamany* | *Jubilee* | *3.30 p.m* |
| *23* | *Rajakadu* | | *4.30 p.m* |
| ★ | *Chelachuvadu* | | |
| *24* | *Kanakakunnu* | | *10. 00 a.m* |
| *26* | *P.O.C* | | |
| *27* | *Engaged* | | |
| *28* | *Pallanadu* | | |
| *29* | *Engaged* | | *2.00 p.m* |
| *30* | *Kadavoor* | | *2.30 p.m* |
| *31* | *Karimannoor* | | *10.00 a.m* |